കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പിറവം മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.2)48/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/03/2026
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പിറവം മുനിസിപ്പാലിറ്റി

സർ,

വിഷയം : പിറവം മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവം മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം.
5.ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.2)48/2026 തീയ്യതി: 17/03/2026

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 43 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സിനി എം.വി.	ജോയിന്റ് ഡയറക്ടർ	12-01-2026	24-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-01-2026	24-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അജിമോൻ.പി.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2.ശ്രീമതി ശ്രീജ ഉണ്ണിക്കൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
3.ശ്രീ. അനീഷ് ടി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീമതി.സൂര്യശ്രീ ബി., ഓഡിറ്റർ
5.ശ്രീമതി ശ്രുതി എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
അഡ്വ.ജൂലി സാബു.	ചെയർപേഴ്സൺ	01-04-2024	31-03-2025
ശ്രീ.പ്രകാശ് കുമാർ വി.	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഷാരോൺ സുധാകരൻ.	അസി.എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.നാസർ സി.എ.	ക്ലീൻ സിറ്റി മാനേജർ	01-04-2024	28-02-2025
ശ്രീ.വിശ്വം പി.എസ്.	ക്ലീൻ സിറ്റി മാനേജർ (ഇൻ ചാർജ്ജ്)	01-03-2025	31-03-2025
ശ്രീമതി.ശീതൾ ബാബു പോൾ.	കൃഷിഓഫീസർ	01-04-2024	31-03-2025
ഡോ.ജയൻ കെ.സി.	സീനിയർ വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി.സജിത ഡി.	പട്ടികജാതി വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീമതി.ട്രീസ രമ്യ ഫ്രാൻസിസ്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ.വിഷ്ണു കെ.	ഫിഷറീസ് ഓഫീസർ	01-04-2024	31-03-2025
ശ്രീ.റിനു തോമസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ഡോ.സലിം	ചീഫ് മെഡിക്കൽ ഓഫീസർ	01-04-2024	31-03-2025

പി.ആർ.	ആയുർവേദം		
ഡോ.സീജ സുന്ദരം	വെറ്റിനറി സർജൻ	01-04-2024	05-05-2024
ഡോ.ഷിബു തങ്കച്ചൻ	വെറ്റിനറി സർജൻ	06-05-2024	31-03-2025
ശ്രീ.ഷഫീക്ക് എ.എം.	ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.	01-04-2024	31-03-2025
ശ്രീ.ഷാജി എം.പി.	പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ്.	01-04-2024	31-03-2025
ശ്രീ.മുഹമ്മദ് റാസി എ.	ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	29-08-2024
ശ്രീ.ആനന്ദ് കുമാർ എം.വി.	ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	30-08-2024	31-03-2025
ഡോ.രാജലക്ഷ്മി എം.	സൂപ്രണ്ട് താലൂക്ക് ആശുപത്രി	01-04-2024	04-08-2024
ഡോ.സിന്ധു റ്റി.പി.	സൂപ്രണ്ട് താലൂക്ക് ആശുപത്രി	05-08-2024	12-03-2025
ഡോ.അനിൽ കെ.ശിവദാസ്	സൂപ്രണ്ട് താലൂക്ക് ആശുപത്രി	13-03-2025	31-03-2025
ഡോ.ബിന്ദു ബി. പണിക്കർ	മെഡിക്കൽ ഓഫീസർ - ഹോമിയോ	01-04-2024	25-10-2024
ഡോ.നയന ദാസ്	മെഡിക്കൽ ഓഫീസർ - ഹോമിയോ	26-10-2024	31-03-2025
ശ്രീ. സിജു കെ.	സീനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1	01-04-2024	26-12-2024
ശ്രീ.വിശ്വം പി.എസ്.	സീനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1	27-12-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ , നോട്ട്സ് ടു അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്.	1-1-2
4	നിക്ഷേപത്തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.	1-1-3
5	വരവ് തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.	1-1-4
6	പണമാക്കാത്ത ചെക്കുകളുടെ വിശദവിവരം ലഭ്യമല്ല.	1-1-5
7	ഫെസ്റ്റിവൽ അഡ്വാൻസ് - നീക്കിയിരിപ്പിൽ വ്യത്യാസം.	1-1-6
8	പെൻഷൻ വിഹിതം ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-7
9	റവന്യൂ റിക്കവറി റിസീവബിൾസ് - വിശദവിവരം ലഭ്യമല്ല.	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	വാർഷിക ധനകാര്യപത്രിക ഓഡിറ്റ് – കെ സ്മാർട്ട് - പരിമിതികൾ	1-10
19	തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ	1-11
20	വാടക പിരിവ് - അപാകങ്ങൾ	1-12
21	ഐ എഫ് ടി ഇ & ഒ എസ് ലൈസൻസ് -അപാകങ്ങൾ	1-13
22	സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ അനുവദിച്ച നിർമ്മാണത്തിന് നിയമപ്രകാരം ഈടാക്കേണ്ട ഫീസ് ഈടാക്കിയില്ല	1-14
23	തൊഴിൽ നികുതി അടച്ചെങ്കിലും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു	1-15
24	ഇ-ടെണ്ടർഫീ-തനത് ഫണ്ട് അക്കൗണ്ടിലേക്ക് അടവാക്കിയില്ല.	1-16
25	വികസന ഫണ്ട് പൊതുവിഭാഗം അലോക്കേഷൻ -	1-17

	₹2,88,350 തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടു.	
26	റവന്യൂ കുടിശ്ശിക – 2.35 കോടി രൂപ പിരിച്ചെടുത്തില്ല.	1-18
27	മുൻകൂർ നൽകിയ തുക - ₹10,18,471 ക്രമീകരിച്ചിട്ടില്ല.	1-19
28	മുൻവർഷങ്ങളിൽ ലഭിച്ച 11.3 ലക്ഷം രൂപ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുന്നു.	1-20
29	മുൻവർഷങ്ങളിൽ നിക്ഷേപിച്ച 33.9 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.	1-21
30	സ്ക്രാപ്പ് ചെയ്ത പഴയ വാഹനം - രജിസ്ട്രേഷൻ റദ്ദാക്കിയിട്ടില്ല.	1-22
31	സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗങ്ങൾ - അപാകതകൾ	1-23
32	ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് നിർമ്മാണം - 14847/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-24
33	മാറ്റിയ ഉപകരണം സ്റ്റോക്കിലെടുത്തില്ല.15850/- തടസ്സപ്പെടുത്തുന്നു.	1-25
34	കരാർ എടുത്ത വ്യക്തിയുടെ പേരിലല്ല കരാർ തുക നൽകിയത് -148988/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-26
35	മാലിന്യ നിക്ഷേപം നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ: പ്രവൃത്തി പൂർത്തിയായിട്ടില്ല; 20,00,000/- രൂപ തടസ്സം	1-27
36	ടോയ്‌ലറ്റ് പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല; 1,10,000/- രൂപ തടസ്സം	1-28
37	സുരക്ഷിത ഭവനം - ഭവന പുനരുദ്ധാരണം - പ്രവൃത്തി പൂർത്തിയാക്കിയില്ല	1-29
38	വിജയഭേരി സ്കോളർഷിപ്പ് നൽകിയതിലെ അപാകത; 45,000/- രൂപയുടെ ചെലവ് തടസ്സം	1-30
39	എസ് സി കുടുംബങ്ങളുടെ ഭവനപുനരുദ്ധാരണം ₹427280/- തടസ്സപ്പെടുത്തുന്നു	1-31
40	മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കുടിശിക വെള്ളക്കരം അടവാക്കിയത് -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല	1-32
41	വീഡ് കട്ടറുകളുടെ ഇന്ധന ഉപഭോഗം നിരീക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്	1-33
42	നഗരസഭ സെക്രട്ടറിക്ക് വാഹനം വാങ്ങുന്നതിനായി അനുവദനീയമായതിലും അധികം തുക ചെലവഴിച്ചു	1-34
43	ജീവനക്കാർ കൈപ്പറ്റിയ മുൻകൂറുകൾ ക്രമീകരിച്ചില്ല-1,90,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു	1-35
44	അതിദരിദ്രരുടെ ചികിത്സ ചെലവുകൾ- രേഖകൾ ഹാജരാക്കിയില്ല-5366/-രൂപയുടെ ചെലവ്	1-36

	തടസപ്പെടുത്തുന്നു	
45	ദിവസ വേതന /കരാർ നിയമനങ്ങൾ സർക്കാർ ഉത്തരവ് പ്രകാരം ക്രമീകരിക്കേണ്ടതാണ്.	1-37
46	കടത്തുകാരന് വേതനം നൽകുന്നത് -വള്ളത്തിന്റെ ലൈസൻസും മറ്റു രേഖകളും ഹാജരാക്കിയില്ല	1-38
47	ജനറേറ്ററിന് ബാറ്ററി വാങ്ങിയതിലെ അപാകതകൾ	1-39
48	ഹെൽത്ത് വിഭാഗത്തിലേക്ക് വാഹനം വാങ്ങിയത് - ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല-4885/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു	1-40
49	പിക്കപ്പ് ട്രക്കിന്റെ അറ്റകുറ്റപ്പണി- ഇൻഷുറൻസ് ക്ലയിം തുക ലഭ്യമാക്കേണ്ടതാണ്	1-41
50	മുനിസിപ്പാലിറ്റി ആക്ട്- പുസ്തകം കൈവശം വെച്ചിരിക്കുന്നവരിൽ നിന്നും തിരികെ ലഭ്യമാക്കി നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്.	1-42
51	വാഹനത്തിന്റെ അറ്റകുറ്റപ്പണി -താല്ക്കാലിക ഡ്രൈവർക്ക് തുക നൽകി	1-43
52	മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല-2,70,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു	1-44
53	മാലിന്യ സംസ്ക്കരണ പ്ളാന്റിലെ ജനറേറ്ററിന് ഡീസൽ വാങ്ങിയത് -ഇന്ധനം ഉപഭോഗ നിരക്ക് വ്യക്തമാക്കിയില്ല	1-45
54	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-46
55	പെൻഷൻ വിതരണം അവലോകനം.	1-47
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികളുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്.	4-5
6	വായ്പ / വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-9

10	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പിറവം മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.11.2025 ലെ 1(1) -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 04.12.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പിറവം മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം
തീയതി: 17.03.2026

ജോയിന്റ് ഡയറക്ടർ

1-1-1 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ , നോട്ട്സ് ടു അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ, കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ)പ്രകാരമുള്ള നോട്ട്സ് ടു അക്കൗണ്ട്, ചട്ടം 58(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്.

മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കാവുന്നത്. മെയിന്റനൻസിനു വേണ്ടി വരുന്ന ചെലവുകൾ റവന്യൂ ചെലവായാണ് അക്കൗണ്ട് ചെയ്യേണ്ടത് എന്നിരിക്കെ മുനിസിപ്പാലിറ്റിയിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിൽ ഓഡിറ്റ് വർഷം ആകെ ചെലവഴിച്ച ₹2,40,18,582ൽ ₹53,54,018 ക്യാപിറ്റൽ കോൺട്രിബ്യൂഷനായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഏത് ആസ്തി സൃഷ്ടിക്കുന്നതിനാണ് സംരക്ഷണഗ്രാന്റ് ചെലവഴിച്ചിട്ടുള്ളത് എന്നതിന്റെ ആസ്തി രേഖകൾ ലഭ്യമല്ല.

1-1-3 നിക്ഷേപത്തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.

സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനുവേണ്ടി വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച 2,00,000രൂപ ആസ്തി ബാദ്ധ്യത സ്റ്റേറ്റ്മെന്റിൽ Advance To Implementing Agencies -4605002 എന്ന ശീർഷകത്തിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. Electricity Deposits – 4606001 എന്ന ശീർഷകത്തിൽ ആയിരുന്നു ഇത് ഉൾപ്പെടുത്തേണ്ടിയിരുന്നത്.

1-1-4 വരവ് തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

വെഹിക്കിൾ സ്ക്രാപ്പ് ഇനത്തിൽ നഗരസഭയ്ക്ക് 70000/- രൂപ എസ്.ബി.ഐ.യുടെ 67291283022 എന്ന അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ടെങ്കിലും ഈ തുക Receipt From Sale Of Scrap -1501202 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 പണമാക്കാത്ത ചെക്കുകളുടെ വിശദവിവരം ലഭ്യമല്ല.

കെ.സ്മാർട്ട് പ്രകാരമുള്ള Reconcile Report ൽ പണമാക്കാത്ത ചെക്കുകളുടെയും കളക്ഷൻ ആകാത്ത ചെക്കുകളുടെയും നമ്പർ, തീയതി, തുക തുടങ്ങിയ വിശദമായ വിവരങ്ങൾ ലഭ്യമല്ല. ഇതിനാൽ റിക്കൺസിലിയേഷന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

അക്കൌണ്ട് നം.	ബാങ്ക് ബുക്ക് ബാലൻസ്	(+) പണമാക്കാത്ത ചെക്കുകൾ	(-) കളക്ഷൻ വരാത്ത ചെക്കുകൾ	പാസ്സ് ബുക്ക് ബാലൻസ്
SBT Own Fund EPAY 67291283022	78,44,984	-	1,23,629	77,21,354.97
KB Own Fund 0012 144712804000012	47,69,123	5,75,137	27,550	53,16,710.89
Federal Bank GPAY 10600200029572	18,82,307	17,351	54,984	18,44,674

1-1-6 ഫെസ്റ്റിവൽ അഡ്വാൻസ് - നീക്കിയിരിപ്പിൽ വ്യത്യാസം.

ഫെസ്റ്റിവൽ അഡ്വാൻസ് (4601001) ഓഡിറ്റ് വർഷത്തിൽ തിരികെ ലഭിക്കുവാൻ ബാക്കിയുള്ള തുക ₹14,000 ആണ്. ഇത് 25-26 വർഷത്തിൽ തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ₹45,000 ആണ് തിരികെ ലഭിക്കുവാനുള്ള ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-7 പെൻഷൻ വിഹിതം ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

നഗരസഭ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന സർവ്വീസ് പെൻഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കേണ്ടതാണ്. വർഷാരംഭത്തിൽ 5,27,869/- രൂപ (റിസീവബിൾ അദ്രേഴ്സ് - 4315099) ഈ ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കുവാനുണ്ടായിരുന്നു. ഓഡിറ്റ് വർഷം 3,45,802 രൂപ പെൻഷൻ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെ ങ്കിലും ഈ തുക ആസ്തി ബാദ്ധ്യത കണക്കിൽ 4315099 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല . വർഷാവസാനം ഈ ഇനത്തിൽ യഥാർത്ഥത്തിൽ തിരികെ ലഭിക്കുവാനുള്ളത് 8,73,671/- രൂപയാണ്.

1-1-8 റവന്യൂ റിക്കവറി റിസീവബിൾസ് - വിശദവിവരം ലഭ്യമല്ല.

റവന്യൂ റിക്കവറി - റിസീവബിൾസ് (4315201) എന്ന ശീർഷകത്തിൽ 1,11,29,985/- രൂപ നഗരസഭയ്ക്ക് ലഭിക്കാനുള്ളതായി ആസ്തി ബാദ്ധ്യത കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിശദവിവരം പരിശോധിക്കുന്നതിനായി ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 3.2.2024 ലെ 1-ാം നമ്പർ പ്രകാരം 2024-25 ലേക്കുള്ള കരട് ബജറ്റ് അംഗീകരിച്ച തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബജറ്റ് എസ്റ്റിമേറ്റോ ആയതിന്റെ സംക്ഷിപ്തമോ ഒന്നും തന്നെ മിനുട്ട്സിൽ റെക്കോർഡ് ചെയ്തിട്ടില്ല. നഗരസഭയുടെ 2024-25 വർഷത്തേക്കുള്ള ബജറ്റ് 09.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം മുനിസിപ്പാലിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

മുന്നിരുപ്പ്	₹2,05,75,589
വരവ്	₹41,06,54,843
ആകെ	₹43,12,30,432
ചെലവ്	₹42,00,38,690
നീക്കിയിരുപ്പ്	₹1,11,91,742

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 293 പ്രകാരം മുനിസിപ്പാലിറ്റികളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ഫോറത്തിലും രീതിയിലും തയ്യാറാക്കുന്നതിനും ആയതിന് മാറ്റങ്ങളില്ലാതെയോ മാറ്റങ്ങളോടുകൂടിയോ കൗൺസിൽ അംഗീകാരം നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരുപ്പ്	:	₹2,52,79,579.00
ഓഡിറ്റ് വർഷത്തെ വരവ്	:	₹11,38,84,922.00
ആകെ	:	₹13,91,64,501.00
ഓഡിറ്റ് വർഷത്തെ ചെലവ്	:	₹10,26,12,337.00
നീക്കിയിരുപ്പ്	:	₹3,65,52,164.00

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	ബാങ്ക് നീക്കിയിരുപ്പ് (₹)	ലാപ്സായ തുക (₹)
വികസന ഫണ്ട് (ജനറൽ)	0	ACR: 2,43,22,116 GO Pro: 42,24,534 2,85,46,650	2,85,46,650	Revnue: 2,37,78,784 Capital: 47,67,866 2,85,46,650	-	0
വികസന ഫണ്ട് (എസ്.സി.പി)	0	49,64,000	49,64,000	45,89,640	-	3,74,360
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	3,32,18,000	3,32,18,000	3,27,65,440	-	4,52,560
മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)	0	2,69,02,000	2,69,02,000	Revnue: 1,86,64,564 Capital: 53,54,018 2,40,18,582	-	28,83,418
സി.എഫ്.സി – ബേസിക്ക്	2,14,566	39,69,216 Int: 1,50,184 Stale Ch. 1500 41,20,900	43,35,466	Revnue: 32,65,819 Capital: 9,36,892 42,02,711	1,32,755	-
സി.എഫ്.സി –ടൈഡ്	20,04,927	59,53,930	79,58,857	Revnue: 41,59,108 Prior Period: 2,04,134 Capital: 35,95,615 79,58,857	0	-
ഹെൽത്ത് ഗ്രാന്റ് - വെൽനെസ്സ് 3201001	14,42,604	23,30,000 Int: 1,01,995 Prior Income: 19,89,787	58,64,386	Revenue: 27,34,499 Capital: 2,00,000	29,29,887	-

		44,21,782		29,34,499		
ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 3201002	0	Prior Income: 15,01,388 Int: 28,560 15,29,948	15,29,948	14,48,165	81,783	-
പി.എം.എ.വൈ (ജനറൽ) 3201011	0	OB Correction: 470400 Prior Period: 64,00,000 Int: 18,886 Grant: 38,80,000 1,07,69,286	1,07,69,286	Revenue: 55,53,200 Bank Charge: 40 55,55,240	52,16,046	-
ഐ.സി.ഡി. എസ്. 3201020	5,61,033	17,85,454	23,46,487	9,63,521	13,82,966	-
സ്വച്ച് ഭാരത് (സിറ്റി സാനിട്ടേഷൻ ആക്ഷൻ പ്ലാൻ) 3201032	0	2,17,436	2,17,436	2,17,436	0	-
ടോട്ടൽ സാനിട്ടേഷൻ 3201035	0	14,68,800	14,68,800	14,68,800	0	-
ആർ.എം.എസ്. എ. 3201025	20,811	0	20,811	0	20,811	-
അമൃത് 3201037	0	1,16,91,872 OB Journal: 10252 1,17,02,124	1,17,02,124	Revenue: 89,16,392 Capital: 27,50,576 1,16,66,968	35,156	-
ഫ്ലഡ് റിലീഫ് ഗ്രാന്റ് 3202024	0	2,00,000	2,00,000	0	2,00,000	-
ലൈബ്രറി ഗ്രാന്റ് 3202026	0	14,380	14,380	0	14,380	-
ഗ്രാന്റ് ഫ്രം അദർ ഗവ. ഏജൻസീസ് 3203001	5,05,350	0	5,05,350	0	5,05,350	-
ഗ്രാന്റ് ഫ്രം വെൽഫെയർ ബോഡീസ് 3205001	1,24,000	0	1,24,000	0	1,24,000	-
സ്പെസിഫിക് പർപ്പസ് (വെറ്റിനറി) 3208099	4,70,400	27,88,850	32,59,250	Head Correction: 4,70,400 Capital: 7,99,617 12,70,017	19,89,233	-

സ്പെസിഫിക് പർപ്പസ് (സെൻട്രൽ ഗവ.) 3201050	2,30,536	0	2,30,536	0	2,30,536	-
ശുചിത്വ മിഷൻ ഗ്രാന്റ് 3201045	0	1,35,000	1,35,000	1,35,000	0	-

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം	ഭാഗികമായി നടപ്പാക്കിയത്. എണ്ണം	നടപ്പാക്കാത്തവ. എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
300	18,72,74,061	11,50,54,278	178	78	44	59.33

* ഉത്തരവത്തിൽ കുറവ് ചെയ്ത് ജി.ഒ.പ്രോജക്ട് പ്രകാരം ക്രമീകരിച്ചിട്ടുള്ള ₹42,24,534 അടങ്കലിൽ ഉൾപ്പെടുന്നുണ്ട്.

ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ 37,10,338 രൂപ ലാപ്സായി.

ഗ്രാന്റ്	അലോക്കേഷൻ (₹)	ചെലവ് തുക(₹)	ചെലവ് ശതമാനം	ലാപ്സായ തുക
വികസന ഫണ്ട് (പൊതുവിഭാഗം)	2,85,46,650	2,85,46,650	100	0
വികസന ഫണ്ട് (എസ്.സി.പി.)	49,64,000	45,89,640	92.46	3,74,360
സംരക്ഷണ ഗ്രാന്റ് റോഡ്	3,32,18,000	3,27,65,440	98.63	4,52,560
സംരക്ഷണ ഗ്രാന്റ് റോഡിതരം	2,69,02,000	2,40,18,582	89.28	28,83,418

1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണ ചെലവുകൾ	3,428	Int.99	3,527	0	3,527
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	2,38,49,478	2,38,49,478	Rev: 2,34,03,554 Capital: 4,45,924 2,38,49,478	0
ആകെ	3,428	2,38,49,577	2,38,53,005	2,38,49,478	3,527

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം

കർഷകതൊഴിലാളി പെൻഷൻ	22,14,200	90
വിധവാപെൻഷൻ	2,23,31,600	947
വാർദ്ധക്യകാല പെൻഷൻ	6,21,02,200	2887
വികലാംഗപെൻഷൻ	52,79,300	212
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	16,07,800	67
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	60,000	2

1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.01.2026 തീയതിയിൽ ഉച്ചയ്ക്ക് 3.30 സമയത്ത് സ്ഥാപന മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹42,673 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

റവന്യൂ പിരിവ്-കാര്യക്ഷമമല്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി.14 ഷെഡ്യൂൾ പ്രകാരം വിവിധ റവന്യൂ വരുമാന ഇനങ്ങളിലായി 1.24 കോടി രൂപ കുടിശ്ശികയുണ്ട്. 2024-25 വർഷത്തിൽ വസ്തുനികുതി പിരിക്കുന്നതിന് ഫീൽഡ് കളക്ഷൻ സ്റ്റാഫിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ല. റവന്യൂ പിരിവിനായി ബിൽ കളക്ടർമാരെ ചുമതലപ്പെടുത്തി ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുള്ളതായോ നിശ്ചിത ഇടവേളകളിൽ റവന്യൂ പിരിവിന്റെ പ്രോഗ്രസ് അധികാരികൾ വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായോ കാണുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 22 (D)(1) പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി, ഫീസുകൾ, വാടക, മറ്റ് വരവുകൾ എന്നിവയുടെ പിരിവ് ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുന്നതിനും 22 (D) (4) പ്രകാരം വരവിനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ബാലൻസ് പ്രതിമാസം പരിശോധിക്കുന്നതിനും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് ചുമതലയുണ്ട്. ഇപ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ വരവിനങ്ങളുടെ പിരിവിന്റെ കാര്യക്ഷമത സൂക്ഷ്മമായി യഥാകാലം നിരീക്ഷിച്ചിട്ടുള്ളതായി സ്റ്റാന്റിങ്ങ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽ കാണുന്നില്ല. റവന്യൂ പിരിവ് സംബന്ധിച്ചുള്ള അഭ്യന്തര നിയന്ത്രണ ഉപാധികൾ കൃത്യമായി നടപ്പിലാക്കി റവന്യൂ പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്.

തൊഴിൽ നികുതി - രേഖകളുടെ സൂക്ഷിപ്പ്.

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതി. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രേഖകളൊന്നും തന്നെ കൃത്യതയോടെ സൂക്ഷിക്കുന്നില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ജീവനക്കാരുടെ വരുമാന സ്റ്റേറ്റ്മെന്റുകളിൽ ക്ലർക്ക് തലത്തിലോ സൂപ്പർവൈസറി തലത്തിലോ ഭരണതലത്തിലോ സൂക്ഷ്മപരിശോധനകൾ നടത്തപ്പെടുന്നില്ല. പല സ്റ്റേറ്റ്മെന്റിലും ജീവനക്കാരുടെ പ്രതിമാസ വരുമാനമോ ആറുമാസത്തെ ആകെ വരുമാനമോ രേഖപ്പെടുത്താതെ സമർപ്പിക്കപ്പെട്ടവയാണ്. ഇത് ലഭിക്കേണ്ട വരുമാനം തന്നെയാണോ ലഭിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. നഗരസഭയിൽ തൊഴിൽ നികുതി അടക്കേണ്ടുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് പോലും ഉറപ്പാക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ നടപടി ക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

നഗരസഭയുടെ കെട്ടിടങ്ങളിലെ വാടകക്കാർ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ നടത്തുന്നു .

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് വിവിധ സ്ഥാപനങ്ങൾ

നടത്തുന്നവർ 2011- ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ചുള്ള ലൈസൻസ് എടുക്കുന്നില്ല. സ്വന്തം കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പോലും കണ്ടെത്തുന്നതിനോ നടപടി എടുക്കുന്നതിനോ സാധിക്കുന്ന തരത്തിൽ ഒരു നിയന്ത്രണ സംവിധാനം മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്നില്ല.

വാഹനങ്ങളുടെ ഉപയോഗം - ലോഗ് ബുക്ക് ചട്ടപ്രകാരം പരിപാലിക്കുന്നില്ല .

മുനിസിപ്പാലിറ്റിക്ക് നിലവിൽ അഞ്ച് വാഹനങ്ങൾ ഉണ്ട് (KL 17 S 219 Scorpio, KL 17 W 2310 Bolero, KL 17 AA 2234 Scorpio N, KL 17 W 4943 Eicher Lorry, KL 17 Z 2407 Isusu Pick Up). വാഹനങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. എല്ലാ വാഹനങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയായിരിക്കുന്നതും ഇവയുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവയ്ക്ക് സെക്രട്ടറി ചുമതലക്കാരനായിരിക്കും. എന്നാൽ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധിച്ച് ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെട്ട് ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല. ആറ് മാസത്തിലൊരിക്കൽ വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കുന്നില്ല. ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനായി പ്രതിമാസ ഇന്ധന ഉപയോഗ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

പ്രത്യേക ആവശ്യങ്ങൾക്കായി നൽകുന്ന മുൻകൂറുകൾ ചട്ടപ്രകാരം ക്രമീകരിക്കുന്നില്ല .

ഓഡിറ്റിനായി ലഭ്യമാക്കിയ ആസ്തി ബാദ്ധ്യത കണക്കുകൾ പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകളിൽ 10,18,471 രൂപ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഈ ചട്ടം പാലിച്ചുകാണുന്നില്ല. നൽകിയ മുൻകൂറുകൾ ചട്ടപ്രകാരം ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് വീണ്ടും മുൻകൂറുകൾ നൽകുന്ന രീതിയും നഗരസഭയിൽ നിലനിൽക്കുന്നുണ്ട്.

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി നഗരസഭാ കൗൺസിലിൽ അവതരിപ്പിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ .

പിറവം നഗരസഭയുടെ 1996-97 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. നഗരസഭയ്ക്ക് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ

നഗരസഭ സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം നഗരസഭ പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-10 വാർഷിക ധനകാര്യപത്രിക ഓഡിറ്റ് – കെ സ്മാർട്ട് - പരിമിതികൾ

1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 11 പ്രകാരം നഗരസഭ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 294(1) -ാം വകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ ധനകാര്യ സ്റ്റേറ്റ്മെന്റ് സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം, അതായത് ജൂലൈ 31 -ാം തീയതിക്കകം ഓഡിറ്റിനായി നൽകേണ്ടതാണ്. എന്നാൽ പിറവം നഗരസഭയുടെ 2024-25 ലെ ധനകാര്യ സ്റ്റേറ്റ്മെന്റ് ഓഡിറ്റിനായി സമർപ്പിച്ചത് 04.12.2025 നാണ്.

ഓഡിറ്റിനായി ലഭ്യമാക്കിയ വാർഷികകണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി രൂപീകരിച്ച പുതിയ വിവര കേന്ദ്രീകൃത സേവനപ്രദാന സംവിധാനമായ "കെ- സ്മാർട്ട്" മുഖേനയാണ്. ഇതിലൂടെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കാനുണ്ടായ കാലതാമസമാണ് ചട്ടപ്രകാരം കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുവാൻ കാലതാമസം വരുത്തിയത് എന്നാണ് വിശദീകരണം ലഭിച്ചിട്ടുള്ളത്.

നിലവിൽ 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളത് നഗരസഭാ സെക്രട്ടറി ഓഡിറ്റർക്കായി അനുവദിച്ചിട്ടുള്ള ലോഗിൻ സംവിധാനത്തിലൂടെയാണ്. ഓഡിറ്റീ സ്ഥാപനം നൽകുന്ന ലോഗിനിൽ ഓഡിറ്റിനാവശ്യമായ എല്ലാ പ്രിവിലേജുകളും ലഭ്യമാക്കിയിട്ടില്ല. ഇത് ഓഡിറ്റിനെ ഓഡിറ്റീ സ്ഥാപനത്തിൽ നിന്നും സ്വതന്ത്രമാക്കി നിർത്തണം എന്ന ഓഡിറ്റിന്റെ അടിസ്ഥാന തത്വത്തിന് വിരുദ്ധമാണ്.

പ്രധാന പരിമിതികൾ

1. റിക്കൺസിലിയേഷൻ റിപ്പോർട്ട്.

കെ.സ്മാർട്ട് പ്രകാരമുള്ള Reconcile Report ൽ പണമാക്കാത്ത ചെക്കുകളുടെയും കളക്ഷൻ ആകാത്ത ചെക്കുകളുടെയും നമ്പർ, തീയതി, തുക തുടങ്ങിയ വിശദമായ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ആയവ അക്കൗണ്ടന്റിന്റെ ലോഗിനിൽ ലഭ്യമാണെന്നാണ് നഗരസഭ രേഖാമൂലം അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് ലോഗിനിൽ പ്രിവിലേജ് നൽകാത്തതിനാൽ ഇക്കാര്യം ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പാക്കുവാൻ ആകുന്നില്ല.

2.വസ്തുനികുതി പരിശോധിക്കുന്നതിന് നഗരസഭ ലഭ്യമാക്കിയ കെ - സ്മാർട്ട് ഓഡിറ്റർ ലോഗിനിലെ പരിമിതികൾ

I) സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക രേഖപ്പെടുത്തിയിരുന്നെങ്കിലും കെ-സ്മാർട്ടിൽ ബാലൻസ് രേഖപ്പെടുത്തുന്നില്ല. ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ മാത്രമാണ് പരിശോധിക്കാനാവുന്നത്. പഴയ കെട്ടിടങ്ങളുടെ ബാലൻസ് സഞ്ചയയിൽ രേഖപ്പെടുത്തിയിരുന്നത് കെ-സ്മാർട്ടിലേക്ക് ചേർക്കുകയോ നിലവിലെ ബാലൻസ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ കെട്ടിട നികുതി അടവാക്കാത്ത ഓരോ കെട്ടിടത്തിന്റേയും ആകെ വസ്തുനികുതി കുടിശ്ശിക കണക്കാക്കാനാകുന്നില്ല. സഞ്ചയയിലുണ്ടായിരുന്ന ഓരോ കെട്ടിടത്തിന്റേയും വസ്തുനികുതി കുടിശ്ശിക കെ-സ്മാർട്ടിൽ കൃത്യമായി രേഖപ്പെടുത്തിയോ എന്നത് പരിശോധിക്കാനാകുന്നില്ല.

Ii) സഞ്ചയയിൽ പുതിയതായി സൈൻ ചെയ്യുന്ന കെട്ടിടങ്ങൾ എല്ലാ വാർഡിലേയും പൂർണ്ണമായി വർഷം/ തീയതി തിരിച്ച് Sort ചെയ്യാമായിരുന്നു (REPORT > File Process Report > New Buildings, Supplementary Register). എന്നാൽ കെ-സ്മാർട്ടിൽ ആയത് സാധിക്കുന്നില്ല. വാർഡ് തിരിച്ചുള്ള അസസ്സ്മെന്റ് രജിസ്റ്റർ മാത്രമാണ് ലഭ്യമാവുന്നത്. 27 വാർഡുകളുള്ള നഗരസഭയിലെ ഓരോ വാർഡിന്റെയും അസസ്സ്മെന്റ് രജിസ്റ്റർ പ്രത്യേകം ഡൗൺലോഡ് ചെയ്ത് ആയതിൽ അവസാനത്തെ

കോളം Assessment From ഫിൽട്ടർ ചെയ്താണ് പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിക്കാനാവുന്നത്. ഈ ഓപ്ഷനിൽ എല്ലാ പുതിയ കെട്ടിടങ്ങളും ഉൾപ്പെട്ടോ എന്നും വ്യക്തമല്ല. തൻവർഷം നഗരസഭ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ഒന്നിച്ച് Sort ചെയ്യാനാകുന്നില്ല.

Iii) സഞ്ചയയിൽ Search > Building Details > Functionality Option ൽ കെട്ടിടത്തിന്റെ ഉപയോഗക്രമ പ്രകാരം തെരഞ്ഞെടുക്കാമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയതിനുള്ള Option ഇല്ല. Reports > Building Details > Building List Reports> Building Usage ഓപ്ഷനിൽ വാർഡ് നമ്പറും Sub-Usage ഉം സെലെക്ട് ചെയ്ത് മാത്രമുള്ളതാണ് കെ-സ്മാർട്ടിലെ ഓപ്ഷൻ. ഓരോ വാർഡിലേയും പ്രത്യേകമായും അതിൽ ഓരോ Building Usage ന്റേയും Sub-Usage പ്രത്യേകമായുമാണ് Sort ചെയ്യാനാകുന്നത്. നഗരസഭയിലെ ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളെ പൂർണ്ണമായി Sort ചെയ്യാനുള്ള ഓപ്ഷൻ കെ-സ്മാർട്ടിൽ ഇല്ല. ടി തെരഞ്ഞെടുപ്പിന് Reports > Building Details > Building List Reports> Building Usage മാത്രം സെലെക്ട് ചെയ്താൽ നഗരസഭയിലെ സെലെക്ട് ചെയ്ത ഉപയോഗക്രമത്തിലെ എല്ലാ കെട്ടിടങ്ങളും ലഭിക്കുമായിരുന്ന സെർച്ച് ഓപ്ഷനായിരുന്നു നിലവിലുള്ളതിനേക്കാൾ അഭികാമ്യം.

Iv) Unauthorised കെട്ടിടങ്ങളുടെ കെട്ടിട നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ സഞ്ചയയിൽ Building Detailsൽ Building Type ൽ Sort ചെയ്ത് ലഭിക്കുമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയത് ലഭ്യമല്ല.

V) ഓഡിറ്റ് വർഷം വേക്കൻസി റമിഷൻ അംഗീകരിച്ച് നികുതി ഒഴിവാക്കി നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം, നികുതി ഒഴിവാക്കി നൽകിയിട്ടുള്ള വിമുക്തഭടൻമാരുടെ കെട്ടിടങ്ങളുടെ വിവരം, നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 60 ച.മീ. താഴെ വരുന്ന കെട്ടിടങ്ങൾ എന്നിവയുടെ വിവരം എന്നിവ ഒന്നും തന്നെ ഓഡിറ്റർ ലോഗിനിലൂടെ കെ-സ്മാർട്ടിൽ നിന്നും ലഭ്യമാകുന്നില്ല.

Vi) കെ-സ്മാർട്ടിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പ്ലാൻ ഡൌൺലോഡ് ചെയ്താൽ മാത്രമാണ് പരിശോധിക്കാനാവുന്നത്. ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ കെ-സ്മാർട്ടിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പരിശോധിച്ചെങ്കിലും രേഖപ്പെടുത്തലുകൾ വ്യക്തമല്ല. ഇവയുടെ കംപ്ലീഷൻ പ്ലാൻ വ്യക്തമല്ലാത്ത തരത്തിലാണ് കെ-സ്മാർട്ടിൽ അപ്‌ലോഡ് ചെയ്തത്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണവും അനുബന്ധ വിവരങ്ങളും വ്യക്തമല്ല. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കാനാകുന്നില്ല.

Vii) ചില കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങളിൽ ഫോം-6 ഡൗൺലോഡാകുന്നില്ല. Failed To Load Pdf File എന്നാണ് ഫോം - 6 ൽ പ്രവേശിക്കുമ്പോൾ കാണുന്ന നിർദ്ദേശം. ആയതിനാൽ ഇവയുടെ വസ്തുനികുതി നിർണ്ണയം പരിശോധിക്കാനാകുന്നില്ല.

Viii) കെ-സ്മാർട്ടിൽ വസ്തുനികുതി വിവരങ്ങളിൽ ഒരു കംപ്ലീഷൻ പ്ലാൻ മാത്രമാണ് അപ്‌ലോഡ് ചെയ്തിട്ടുള്ളത്. അനുബന്ധ പ്ലാനുകൾ അപ്‌ലോഡ് ചെയ്യുന്നില്ല. കംപ്ലീഷന് ശേഷമുള്ള പാർക്കിംഗ് പ്ലാൻ ലഭ്യമല്ല. പെർമ്മിറ്റ് അനുവദിച്ചപ്പോഴുള്ള പാർക്കിംഗാണോ നിർമ്മാണം പൂർത്തിയായതിന് ശേഷമുള്ളതെന്ന് പരിശോധിക്കാനാകുന്നില്ല. ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ റോഡ് വിവരം ചേർത്തിട്ടില്ല.

ഈ അപാകതകൾ പരിഹരിക്കുന്നതിനായി സർക്കാരിലേക്ക് കത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

1-11 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, പ്രകാരം നഗരസഭ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതി

ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി അടവാക്കിയില്ല

നഗരസഭ പരിധിയിൽ പ്രവൃത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	വാർഡ് നം	കെട്ടിട നം	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് ഉടമയുടെ പേര്	തൊഴിൽ നികുതി	
					ആദ്യ പാദം	രണ്ടാം പാദം
1	2	122, 123	കെർബി മാച്ച് ഇൻഡസ്ട്രീസ്	എബി കുരിയാക്കോസ്	അടച്ചിട്ടില്ല	അടച്ചിട്ടില്ല
2	2	62	സെന്റ് ജോർജ് സ്റ്റോർസ്	മിനി സ്കറിയാച്ചൻ	അടച്ചിട്ടില്ല	അടച്ചിട്ടില്ല
3	5	9	നിത്യകലാക്ഷേത്ര സ്കൂൾ ഓഫ് ഡാൻസ്	ശിവദാസ് പി.പി	അടച്ചിട്ടില്ല	അടച്ചിട്ടില്ല
4	5	169	ഗ്രീൻ ലൈഫ് കോക്കനട്ട് ഓയിൽ	ഷീന ജോർജ്	അടച്ചിട്ടില്ല	അടച്ചിട്ടില്ല
5	5	69	അഞ്ജലി ജെന്റ്സ് ബ്യൂട്ടി ക്ലിനിക്	സുകുമാരൻ	അടച്ചിട്ടില്ല	അടച്ചു
6	5	36/136/2	റിലയൻസ് റീട്ടെയിൽ ലിമിറ്റഡ്	കെ.ആർ മനോജ്	അടച്ചിട്ടില്ല	അടച്ചിട്ടില്ല
7	5	25	ഹിയർ ലൈഫ് ഓഡിയോളജി & സ്പീച്ച് തെറാപ്പി സെന്റർ	ഷഹനാസ് എം.എ	അടച്ചിട്ടില്ല	അടച്ചിട്ടില്ല
8	5	214	കോഴിക്കുള്ളി സർവീസ് സ്റ്റേഷൻ & ബോഡി ഷോപ്പ്	ജോസ് വി, കോഴിക്കുള്ളി	അടച്ചു	അടച്ചിട്ടില്ല
9	5	177/177A	എസ് & എസ് ട്രേഡേഴ്സ്	ശിവദാസ് പി.പി	അടച്ചിട്ടില്ല	അടച്ചിട്ടില്ല
10	5	54	അന്നപൂർണ ഹോട്ടൽ	ഉഷശങ്കർ	അടച്ചിട്ടില്ല	അടച്ചിട്ടില്ല
11	11	54	ഭഗവതി സ്റ്റോർ	ജയ സുരേഷ്	അടച്ചിട്ടില്ല	അടച്ചിട്ടില്ല
12	11	51	ചിത്രശാല ആർട്ട്	അപ്പുക്കുട്ടൻ	അടച്ചിട്ടില്ല	അടച്ചിട്ടില്ല
13	11	79	എസ് കെ അസോസിയേറ്റ്സ്	സൂരജ് എൻ നായർ	അടച്ചിട്ടില്ല	അടച്ചിട്ടില്ല
14	11	81	യൂണിക് സ്പോർട്സ് വേൾഡ്	പ്രജു സതീഷ്	അടച്ചിട്ടില്ല	അടച്ചിട്ടില്ല
15	11	384/A5	നീതി മെഡിക്കൽ സ്റ്റോർസ്	സെക്രട്ടറി, നീതി	അടച്ചിട്ടില്ല	അടച്ചിട്ടില്ല
16	5	-	മാർക്കറ്റിംഗ് ആൻഡ് ഫിനാൻസ് സർവീസസ്	മാനേജർ	അടച്ചിട്ടില്ല	അടച്ചിട്ടില്ല
17	5	266	മാത മാച്ച് ഇൻഡസ്ട്രീസ്	സി.എം ജോസ്	അടച്ചിട്ടില്ല	അടച്ചിട്ടില്ല
18	7	56	മാത മാച്ച് ഇൻഡസ്ട്രീസ്	സി.എം ജോസ്	അടച്ചിട്ടില്ല	അടച്ചിട്ടില്ല
19	7	638	പ്ലാനേഴ്സ് ഇന്ത്യ	അശോകൻ കെ വി	അടച്ചിട്ടില്ല	അടച്ചിട്ടില്ല
20	8	293	മൊബൈൽ വേൾഡ്	സതീഷ് ബാബു	അടച്ചിട്ടില്ല	അടച്ചിട്ടില്ല
21	8	372	ഷി ഫാർമസി	മഞ്ജു മറിയ സ്റ്റാനി	അടച്ചിട്ടില്ല	അടച്ചിട്ടില്ല
22	8	424, 425, 426	കുഞ്ഞുമ്മാട്ടിൽ ടെക്സ്റ്റൈൽസ്	ജോഷി എബ്രഹാം	അടച്ചിട്ടില്ല	അടച്ചിട്ടില്ല
23	8	873, 874, 875	പൊലകുളത്ത് റെസിഡൻസി	പി.എൻ കൃഷ്ണദാസ്	അടച്ചിട്ടില്ല	അടച്ചിട്ടില്ല
24	9	495	മോജോ കണക്ട്	സാബു കെ ജേക്കബ്, കരിയത്താടി	അടച്ചിട്ടില്ല	അടച്ചിട്ടില്ല
25	25	61,62	ഫീനിക്സ് മോട്ടോഴ്സ്	സോബി തോമസ്	അടച്ചിട്ടില്ല	അടച്ചിട്ടില്ല

2) കരാറുകാരുടെ തൊഴിൽ നികുതി സംബന്ധിച്ച്

2024-2025 സാമ്പത്തിക വർഷം പിറവം നഗരസഭ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് യാതൊരു രേഖകളും ലഭ്യമായില്ല. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം കരാറുകാരുടെ പേരുകൾ ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	പേര്
1	അജി പോൾ
2	മിനിമോൾ പി ജി
3	റോയ് എം ടി
4	ജോജിഷ് ജോസ്
5	ജോയ് ടി സി
6	ബാബു വർഗീസ്
7	ജോർജ് കെ എം
8	കെ എ ശരീഫ്
9	സജിത് കുമാർ എസ്
10	സാജു സീ എസ്
11	രാജൻ എം സി
12	നിർമൽ
13	എൽദോസ് ഫിലിപ്പ്
14	ഡിവൈൻ
15	വി എ ജോർജ്ജ്
16	സിനു മുഹമ്മദ്
17	സജിമോൻ കെ വി
18	റീന വിജു
19	മക്കാർ സീ എ

3)പാരാമെഡിക്കൽ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത്

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും കേരള മുനിസിപ്പാലിറ്റി ആക്ട്, 1994 പ്രകാരം ഈടാക്കേണ്ട സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഇതുവരെ ഈടാക്കിയിട്ടില്ലെന്ന് കെ-സ്മാർട്ട് മുഖേന ലഭ്യമായ രേഖകളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

എ)പാരാമെഡിക്കൽ സ്ഥാപനങ്ങൾ

ക്രമ നമ്പർ	വാർഡ് നം	കെട്ടിട നം	ലൈസൻസുടമയുടെ പേര്	സ്ഥാപനത്തിന്റെ പേര്	ബിസിനസ്
1	7	347	ചാൾസ് പി ജോൺ	പിറവം മെഡിക്കൽ സെന്റർ ആൻഡ് ജെറിയാന്റിക് ക്ലിനിക്	ഡെന്റൽ ക്ലിനിക്

ബി)ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ

ക്രമ നമ്പർ	വാർഡ് നം	കെട്ടിട നം.	ലൈസൻസ് ഉടമയുടെ പേര്	സ്ഥാപനത്തിന്റെ പേര്
1	9	526	ശിവൻകുട്ടി പി കെ	പയനിയർ ട്യൂഷൻ അക്കാദമി,
2	8	290	ഷീജ ഷാജി	നർമ്മദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ എക്സലൻസ്

മേൽ അപാകത സംബന്ധിച്ച് നൽകിയ 19/01/2026 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 24 ന് മറുപടി ലഭ്യമാക്കിയില്ല. നികുതി പരിധിയിൽ വരേണ്ട സ്ഥാപനങ്ങളെയും, ജീവനക്കാരെയും കരാറുകാരെയും രജിസ്റ്ററിൽ ഉൾപ്പെടുത്താത്തത് നഗരസഭയുടെ വരുമാന നഷ്ടത്തിന് കാരണമാകുന്നു. അതിനാൽ, 2024-25 വർഷത്തെ കുടിശ്ശികയുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിഴപ്പലിശ

സഹിതം നികുതി അടിയന്തരമായി ഈടാക്കേണ്ടതാണ്. നിലവിൽ ലിസ്റ്റിൽ ഇല്ലാത്ത കരാറുകാരെയും സ്ഥാപനങ്ങളെയും ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തുകയും, പിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ (ഡിമാൻറ് നോട്ടീസ്, രസീത് പകർപ്പുകൾ എന്നിവ) ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-12 വാടക പിരിവ് - അപാകങ്ങൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്, കോട്ടപ്പുറം ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ വാടക വരവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)K-Smart സിസ്റ്റത്തിൽ കടമുറികളുടെ വാടക രജിസ്റ്റർ ലഭ്യമല്ല. നഗരസഭ മാന്വൽ ആയി തയ്യാറാക്കിയ വാടക രജിസ്റ്ററിലും കടമുറി വാടകയ്ക്ക് എടുത്ത വ്യക്തിയുടെ പേര്, കടമുറി നമ്പർ തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2)ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെയും മാർക്കറ്റുകളുടെയും സ്റ്റാളുകളുടേയും ലേലം നടന്ന തീയതി, സെക്യൂരിറ്റി തുക അടവാക്കിയ രസീത് നമ്പർ /തീയതി തുടങ്ങിയ വിവരങ്ങളൊന്നും വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3) ലഭ്യമാക്കിയ വാടകക്കരാറുകളിൽ വാടകത്തുക രേഖപ്പെടുത്തിയിട്ടില്ല.

4)താഴെപ്പറയുന്നവരുടെ 2024-25 വർഷത്തെ വാടക കരാർ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	വാർഡ്/ കെട്ടിട നമ്പർ	പേര്
1	8/523, 8/524	വിനോദ് കുമാർ
2	8/552	ഫാർമേഴ്സ് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റ്
3	7/566	സജി ജോൺ, നിരപ്പുകാട്ടിൽ

5) മുനിസിപ്പാലിറ്റി കെട്ടിടമുറികൾ വാടകക്കെടുക്കുന്നവർ, കെട്ടിടമുറി കീഴ് വാടകയ്ക്ക് നൽകിയിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിവരങ്ങൾ ലഭ്യമല്ല.

6) വാർഷിക ധനാകാര്യ പത്രിക പ്രകാരം തൻ വർഷം 724605 രൂപയും കുടിശ്ശിക ഇനത്തിൽ 5496760 രൂപയും നഗരസഭയ്ക്ക് വർഷാവസാനം ലഭിക്കുവാനുണ്ട്. വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമല്ല.
7) വാടകരജിസ്റ്ററിൽ ഡി സി ബി സ്റ്റേറ്റ്മെന്റ് കാലികമാക്കി രേഖപ്പെടുത്തിയിട്ടില്ല.

8) വാടകരജിസ്റ്റർ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചില കെട്ടിടങ്ങൾ കരാറുപ്രകാരം വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും അവയിൽ നിന്നും വാടക ഈടാക്കുന്നില്ല. ഈ കെട്ടിടങ്ങളെ വാടകയിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ മുനിസിപ്പൽ കൗൺസിൽ തീരുമാനം, സ്ഥാപനം ഇപ്പോഴും ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം, കരാറിൽ ഏർപ്പെടാതെ കെട്ടിടം കൈയ്യൊഴിഞ്ഞതിന്റെ കാരണം എന്നിവ ലഭ്യമാക്കിയില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ.നം	കടമുറി വാർഡ്/ നമ്പർ	പേര്	കുടിശ്ശിക (മാസം*വാടക)	ജി എസ് ടി	ആകെ
ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്					
1	8/310	കെ പി സണ്ണി	5629x9 = 50661	50661x18 % =9119	59780
2	8/316	ബിജു എസ് നായർ	4423x11 =48653	48653x18% =8757	57410

3	8/535	ലളിത രാജപ്പൻ	5697x11 =62667	62667x18% =11280	73947
4	5/433/IE	വിനോദ് കുമാർ, വടക്കേകുഴിപ്പിള്ളി ത്തടത്തിൽ	1800x7=12600	12600×18% =2268	14868

മേൽ അപാകതകൾ സൂചിപ്പിച്ച് 15.01.2026 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് നഗരസഭ നൽകിയ മറുപടി പരിശോധിച്ചതിൽ, K-SMART സിസ്റ്റത്തിൽ കടമുറികളുടെ വാടക രജിസ്റ്റർ ഇതുവരെ അപ്‌ലോഡ് ചെയ്തിട്ടില്ലെന്നും, മാനവൽ ആയി സൂക്ഷിക്കുന്ന രജിസ്റ്റർ പോലും പൂർണ്ണമായി കാലികമാക്കിയിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലേലം നടന്ന തീയതി, സെക്യൂരിറ്റി ഡിപ്പോസിറ്റ് അടവാക്കിയ രസീത് നമ്പർ, തീയതി തുടങ്ങിയ നിർബന്ധമായ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന വീഴ്ച മറുപടിയിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ നിരവധി കടമുറികളുടെ വാടക കരാറുകൾ കാലഹരണപ്പെട്ട നിലയിൽ തുടരുന്നതായും, ചില ഇടങ്ങളിൽ വാടക കുടിശ്ശിക നിലനിൽക്കുന്നതായും, കരാർ പുതുക്കാതെയും വാടക ഈടാക്കാതെയും കടമുറികൾ കൈവശംവെച്ചിരിക്കുന്ന സാഹചര്യം നിലനിൽക്കുന്നുവെന്ന് വ്യക്തമാണ്. ഇതെല്ലാം നഗരസഭയുടെ വാടക വരവിന്റെ നിയന്ത്രണവും മേൽനോട്ടവും ഫലപ്രദമല്ലാത്തതും ധനകാര്യ നിയന്ത്രണം ദുർബലമാണെന്നതും സൂചിപ്പിക്കുന്നു.നഗരസഭയുടെ ഉടമസ്ഥതയിലുള്ള എല്ലാ കടമുറികളുടെയും വാടക രജിസ്റ്റർ (DCB സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ) അടിയന്തരമായി പൂർണ്ണമാക്കി K-SMART സിസ്റ്റത്തിൽ അപ്‌ലോഡ് ചെയ്യുകയും, എല്ലാ വാടക കരാറുകളും നിലവിലെ നിയമനിബന്ധനകൾ പ്രകാരം കാലികമായി പുതുക്കുകയും വേണം. ഇതുമായി സംബന്ധിച്ച വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കുകയും, കുടിശ്ശിക വാടക പലിശ സഹിതം ഉടൻ ഈടാക്കി നഗരസഭയുടെ വരുമാന നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ഐ എഫ് ടി ഇ & ഒ എസ് ലൈസൻസ് -അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിന് വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. 2024-25 വർഷത്തിൽ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് കെ-സ്മാർട്ട് പ്രകാരം ലഭ്യമായ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന .

കെ - സ്മാർട് സോഫ്റ്റ്‌വെയർ പ്രകാരം ലൈസൻസ് ഫീ പെൻഡിംഗ് ഫോർ പേയ്മെന്റ് റിപ്പോർട്ടിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2024-25 വർഷം ലൈസൻസ് ഫീ അടവാക്കിയിട്ടില്ല.

ക്രമ നമ്പർ	അപേക്ഷ നമ്പർ	വാർഡ്/ ഡോർ നമ്പർ	ലൈസൻസി യുടെ പേര് & വിലാസം	സ്ഥാപനത്തിന്റെ പേര്	ബിസിനസ് തരം	ഫീസ് (₹)
1	BFIF-00224390-2024	16/357	അനിൽകുമാർ C.K.	ചക്കിരിക്കാട്ടിൽ ടീ ഷോപ്പ്,	ചായ, ജ്യൂസ് & സ്നാക്ക് ഷോപ്പ്	500

2	BFIF-00247692-2024	11/345	സുനിൽ കെ.എസ്	നാഷണൽ പെയിന്റ്സ്	പെയിന്റ്, വർണിഷ്, വൈറ്റ് സിമന്റ്, വാൾ പുട്ടി എന്നിവയുടെ വിൽപ്പന	1000
3	BFIF-00273540-2024	7/422	മോളി ജയാസ്	ആഞ്ചൽ ബ്യൂട്ടി പാർലർ ആൻഡ് ടെയ്‌ലറിംഗ് സെന്റർ	ബ്യൂട്ടി പാർലർ / സലൂൺ / ടെയ്‌ലറിംഗ്	500
4	BFIF-00306512-2024	9/553	സംഗീത കെ. ദിലീപ്, കല്ലേലിമറ്റത്തിൽ	സാൻഡ്ര ഡ്രാൻസ് കളക്ഷൻ,	ടെയ്‌ലറിംഗ്	500
5	BFIF-00297125-2024	23/121	ജോബി ടി. പോൾ,	റോയൽ സ്റ്റോഴ്സ്	ബേക്കറി	500
6	BFIF-00093980-2024	25/368	മഞ്ജു മാത്യു,	എം. കെ. ഫാമിലി സലൂൺ ആൻഡ് അക്കാദമി	ബ്യൂട്ടി ഉൽപ്പന്നങ്ങളും കോസ്മെറ്റി-ക്കുകളും	500
7	BFIF-00163636-2025	11/384	ജോസഫ് സി.വി.	റെയിൻബോ സൈനെജ്	പരസ്യ ഏജൻസി	2500
8	BFIF-00088375-2024	9/364	സാബു ജോണി	ഇ വി എം ഓട്ടോമൊബൈൽസ്	വെഹിക്കിൾ സപെയർപാർട്സ്	5000

ഇതുസംബന്ധിച്ച് 16.01.2026 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 ന് നഗരസഭ നൽകിയ മറുപടിയിൽ, ചിലർ ഓൺലൈൻ അപേക്ഷ നൽകിയിട്ടും ഫീസ് അടച്ചിട്ടില്ലെന്നും, ബന്ധപ്പെട്ടവർക്കെതിരെ നോട്ടീസ് നൽകി വരുന്നെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചതായി തെളിയിക്കുന്നു.

2) നഗരസഭ വാടകക്കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

നഗരസഭ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	വാടകയ്ക്കെടുത്തിരിക്കുന്ന വ്യക്തി
1	8/512	വിനോദ് എം കെ
2	8/513	അമ്മിണി വർഗ്ഗീസ്
3	8/543	ഷിജി എൽദോ
4	8/549	സപ്ലൈകോ മെഡിക്കൽ സ്റ്റോർ

ഇതുസംബന്ധിച്ച് 16.01.2026 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 ന് നഗരസഭ നൽകിയ മറുപടി തൃപ്തികരമല്ല. ബന്ധപ്പെട്ട വാടകക്കാർക്ക് ലൈസൻസ് നിർബന്ധമാണെന്ന് അറിയിച്ച് നോട്ടീസ് നൽകുകയും ലൈസൻസ് എടുക്കാത്ത പക്ഷം വാടക കരാർ വ്യവസ്ഥകൾ പ്രകാരം തുടർനടപടികൾ (പിഴ/കരാർ റദ്ദാക്കൽ) സ്വീകരിച്ച് വിവരങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

3) കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തനം നടത്തുന്നു

ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ, നഗരസഭ കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്ത വ്യക്തികൾക്കുപകരം മറ്റ് വ്യക്തികൾ ലൈസൻസ് എടുത്ത് പ്രവർത്തനം നടത്തുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	വാടകയ്ക്കെടുത്തിരിക്കുന്ന വ്യക്തി	ലൈസൻസെടുത്ത വ്യക്തി
1	8/509	ജോസ് ചാക്കോ	ഷിജി സെബാസ്റ്റ്യൻ
2	8/523	വിനോദ് കുമാർ	സുബാഷ് കുമാർ

ലൈസൻസ് രജിസ്റ്ററിൽ കാണുന്ന പേരുകളും വാടക കരാറിലുള്ള പേരുകളും തമ്മിൽ ക്ലറിക്കൽ പിഴവ് സംഭവിച്ചതിനാലാണ് വ്യത്യാസം സംഭവിച്ചതെന്നാണ് (16.01.2026 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 ന്) നഗരസഭ വ്യക്തമാക്കിയത് .എന്നാൽ, ലൈസൻസ് രജിസ്റ്ററും വാടക കരാർ രേഖകളും നഗരസഭയുടെ ഔദ്യോഗിക രേഖകളായതിനാൽ, ഇത്തരത്തിലുള്ള പൊരുത്തക്കേട് സാധാരണ ക്ലറിക്കൽ പിഴവായി മാത്രം കാണാൻ കഴിയില്ല. ഇത് രേഖാപരിപാലനത്തിലെ ഗുരുതരമായ വീഴ്ചയും നിയന്ത്രണ സംവിധാനത്തിലെ അപാകതയും സൂചിപ്പിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു .

ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ലൈസൻസ് ഫീസ് പിഴ സഹിതം ഈടാക്കുകയും, നഗരസഭ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് നിർബന്ധമായും എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുകയും വേണം. കീഴ് വാടകയ്ക്ക് നൽകിയതായി സ്ഥിരീകരിക്കപ്പെട്ട കേസുകളിൽ വാടക കരാർ വ്യവസ്ഥകൾ പ്രകാരം പിഴ ചുമത്തൽ, കരാർ റദ്ദാക്കൽ, ഒഴിപ്പിക്കൽ തുടങ്ങിയ കർശന നടപടികൾ സ്വീകരിച്ച്, അതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ, കെ-സ്മാർട്ട് ലൈസൻസ് രജിസ്റ്ററും വാടക രജിസ്റ്ററും തമ്മിൽ സ്ഥിരമായ പൊരുത്ത പരിശോധന (Periodical Reconciliation) നടത്തുന്നതിനുള്ള നിയന്ത്രണസംവിധാനം രൂപീകരിക്കേണ്ടതാണ്.

1-14 സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ അനുവദിച്ച നിർമ്മാണത്തിന് നിയമപ്രകാരം ഈടാക്കേണ്ട ഫീസ് ഈടാക്കിയില്ല

2018 ലെ കേരള നെൽവയൽ–തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 12(9) പ്രകാരം, സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ, 3000 ചതുരശ്ര അടിക്ക് മുകളിലുള്ള ഓരോ ചതുരശ്ര അടിക്കും ₹100/- നിരക്കിൽ അധിക ഫീസ് ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.
പിറവം നഗരസഭയിൽ കെ സ്മാർട്ട് പ്രകാരം ലഭ്യമായ രേഖകൾ പരിശോധിച്ച പ്രകാരം, ശ്രീമതി. റിച്ചി റെയ്ച്ചൽ മാത്യു, പാരിക്കാപ്പിള്ളിൽ, കളമ്പൂർ പി.ഒ എന്നയാൾക്ക് മൂവാറ്റുപുഴ താലൂക്കിലെ പിറവം വില്ലേജിൽ, സർവേ / റിസർവേ നമ്പർ 586-4, 586-1, 586-2 എന്നിവയിൽ ഉൾപ്പെടുന്ന സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ 394.5 ചതുരശ്ര മീറ്റർ (4246.3627 ചതുരശ്ര അടി) തറവിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിന് BP/13933/2025 നമ്പർ (തീയതി 02-05-2025) പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. മേൽ സർവേ നമ്പർ ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തിയുള്ള, മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിലും 3000 ചതുരശ്ര അടിക്ക് അധികമുള്ള നിർമ്മാണത്തിന് 2018 ലെ കേരള നെൽവയൽ–തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 12(9) പ്രകാരമുള്ള ഫീസ് അടവാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ 3000 ചതുരശ്ര അടിക്ക് മുകളിൽ 1246.3627 ചതുരശ്ര അടി അധിക നിർമ്മാണത്തിന് പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും, ചട്ടം 12(9) പ്രകാരം അടവാക്കേണ്ട ₹1,24,636/- (ഒരു ലക്ഷം ഇരുപത്തിനാലായിരത്തി അറുനൂറ്റി മുപ്പത്താറ് രൂപ മാത്രം) ഫീസ് ഈടാക്കിയതിന്റെ യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ ചട്ടം 12(9) പ്രകാരമുള്ള ഫീസ് അടവാക്കാതെതന്നെ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാനും. മേൽ ചട്ടപ്രകാരം ബാധകമായ ഫീസ് ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ, ടി രേഖകളും

ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം, ഫീസ് ഈടാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ 19/01/2026 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 26 ന് മറുപടി ലഭ്യമാക്കിയില്ല.ചട്ടം 12(9) പ്രകാരം ബാധകമായ ₹1,24,636/- ഫീസ് ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കി ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി അടച്ചെങ്കിലും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

കേരള മുനിസിപ്പാലിറ്റി ആക്ട്, 1994 ലെ വകുപ്പ് 447 പ്രകാരവും 2011- ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ചും നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും നിർബന്ധമായും നഗരസഭയിൽ നിന്നു ലൈസൻസ് എടുക്കേണ്ടതായിരിക്കെ, ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചെങ്കിലും ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിട്ടുണ്ട്(നഗരസഭയുടെ കെ-സ്മാർട്ട് (K-SMART) സംവിധാനത്തിൽ ലഭ്യമായ ലൈസൻസ് രജിസ്റ്ററും മാന്വൽ ആയി പരിപാലിച്ച തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചപ്പോൾ വ്യക്തമായത്).

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ. നമ്പർ	വാർഡ്	ഡോർ നമ്പർ	പേര്	സ്ഥാപനം
1	2	98	Sijith Mohanan	Chicken Center
2	3	61	Vijayan	Ammus Provisions Store
3	4	317	Joy T T	Lucknow Products

ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവർക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയവ രേഖാമൂലം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 19.01.2026 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 23 ന് മറുപടി ലഭ്യമാക്കിയില്ല.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നിയമപ്രകാരമുള്ള പിഴയും കുടിശ്ശികയും ഈടാക്കി അവയുടെ പ്രവർത്തനം നിയമവിധേയമാക്കേണ്ടതും നഗരസഭയുടെ തനത് വരുമാനത്തിലുണ്ടായ നഷ്ടം നികത്തേണ്ടതുമാണ്.

1-16 ഇ-ടെണ്ടർഫീ-തനത് ഫണ്ട് അക്കൗണ്ടിലേക്ക് അടവാക്കിയില്ല.

സർക്കുലർ നം ഡിബി.1/7942/സിഇ/തസ്വഭവ 17/08/2017 പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഓൺലൈൻ ആയി ഒടുക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പിറവം ശാഖയിലെ 67330451870-ാം നമ്പർ അക്കൗണ്ടിലേക്ക് ടെണ്ടർ ഫീ ഇനത്തിലുള്ള തുക ക്രെഡിറ്റായിട്ടുണ്ടെങ്കിലും പ്രസ്തുത തുക മുനിസിപ്പൽ അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല. 31-03-2025 തീയതിയിൽ 279491/-രൂപ ബാലൻസ് ഉള്ളതായി കാണുന്നു. അക്കൗണ്ടിലുള്ള തുക പൂർണ്ണമായും മുൻസിപ്പൽ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നൽകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 43/22.01.2026 നുള്ള മറുപടിയിൽ ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക നഗരസഭ ഫണ്ടിൽ അടവാക്കി വിവരം അറിയിക്കാമെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 വികസന ഫണ്ട് പൊതുവിഭാഗം അലോക്കേഷൻ - ₹2,88,350 തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടു.

തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ്

നടത്തിയിട്ടില്ലെങ്കിൽ വികസനഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റിൽ നിന്നും ഒരു ശതമാനം നോമിനൽ കട്ട് വരുത്തുന്നതിന് ആറാം ധനകാര്യക്കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിൽ എട്ടാം നമ്പരായി ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശ സ.ഉ.(കൈ) 179/2022/ധന/ 18.10.2022 പ്രകാരം നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

പിറവം മുനിസിപ്പാലിറ്റിക്ക്, സ.ഉ.(സാധാ) 1625/2025/ധന/ 20.2.2025 നമ്പർ ഉത്തരവ് പ്രകാരം ലഭിച്ച വികസന ഫണ്ട് മൂന്നാം ഗഡുവിൽ പൊതുവിഭാഗം ഫണ്ടിൽ നിന്നും ₹2,88,350 കട്ട് ചെയ്തിട്ടുണ്ട്. തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ് നടത്താതിരുന്നതിനാൽ ആണ് ഇപ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായിട്ടുള്ളത്. ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ ആയത് 2024-25വാർഷിക ധനകാര്യ പത്രികയിൽ വെളിപ്പെടുന്നില്ല.

തനത് ഫണ്ട് ഡിമാന്റിന്റെ 100% തുകയും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഭാവിയിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട ഗ്രാന്റ് പൂർണ്ണമായും നേടിയെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-18 റവന്യൂ കുടിശ്ശിക – 2.35 കോടി രൂപ പിരിച്ചെടുത്തില്ല.

മുനിസിപ്പാലിറ്റി ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാദ്ധ്യത കണക്കുകൾ (ഷെഡ്യൂൾ B.14) പ്രകാരം നികുതി - നികുതിയേതര ഇനത്തിൽ 2.35 കോടി രൂപയുടെ റവന്യൂ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക (₹)
4311001	വസ്തുനികുതി (തൻവർഷം)	16,46,097
4311002	വസ്തുനികുതി (കുടിശ്ശിക)	16,48,791
4311901	തൊഴിൽ നികുതി - സ്ഥാപനങ്ങൾ/ ട്രേഡേഴ്സ് (തൻവർഷം)	2,69,219
4311902	തൊഴിൽ നികുതി - സ്ഥാപനങ്ങൾ/ ട്രേഡേഴ്സ് (കുടിശ്ശിക)	12,68,189
4312003	സർവ്വീസ് സെസ്സ് (തൻവർഷം)	1,56,771
4312004	സർവ്വീസ് സെസ്സ് (കുടിശ്ശിക)	1,57,028
4313001	യൂസർ ചാർജ്ജസ് (തൻവർഷം)	2,77,491
4313004	ലൈസൻസ് ഫീസ് (കുടിശ്ശിക)	7,32,460
4314001	കെട്ടിടവാടക (തൻവർഷം)	7,24,605
4314002	കെട്ടിടവാടക (കുടിശ്ശിക)	54,96,760
4315201	റവന്യൂ റിക്കവറി - റിസീവബിൾസ് (പ്രോപ്പർട്ടി ടാക്സ്)	1,11,29,985
ആകെ		₹2,35,07,396

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/12.1.2026) ഡിമാന്റ് നോട്ടീസ് നൽകി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ് നടത്തിയിട്ടില്ലെങ്കിൽ വികസനഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റിൽ നിന്നും ഒരു ശതമാനം നോമിനൽ കട്ട് വരുത്തുന്നതിന് ആറാം ധനകാര്യക്കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ ശുപാർശ പ്രകാരം 24-25 വർഷത്തിൽ പിറവം മുനിസിപ്പാലിറ്റിക്കുള്ള മൂന്നാം ഗഡു വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ₹2,88,350 ഉത്ഭവത്തിൽ കട്ട് ചെയ്തിട്ടുണ്ട്.

മുനിസിപ്പാലിറ്റി ലഭിക്കുവാനുള്ള തനത് വരുമാനം കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കേണ്ടതാണ്.

ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയിലേക്ക് ശുപാർശ ചെയ്യുന്നു.

1-19 മുൻകൂർ നൽകിയ തുക - ₹10,18,471 ക്രമീകരിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു.

കോഡ്	ശീർഷകം	തുക (₹)
4601099	അദർ ലോൺസ് & അഡ്വാൻസസ്	5,17,774
4605004	ടെമ്പററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസസ്	4,89,240
4605099	അഡ്വാൻസ് ടു അദേഴ്സ്	11,457
ആകെ		10,18,471

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ പരാമർശിത മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/12.01.2025) അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്ത് ടി ശീർഷകങ്ങളിലെ തുക കാലികമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മുൻകൂറായി നൽകുന്ന തുകകൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം തന്നെ ക്രമീകരിക്കുന്നതിനും അല്ലാത്തപക്ഷം ചട്ടം അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

1-20 മുൻവർഷങ്ങളിൽ ലഭിച്ച 11.3 ലക്ഷം രൂപ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുന്നു.

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ തുകകൾ തൻവർഷം വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/15.1.2026) ലഭ്യമാക്കിയ മറുപടി പരിഗണിച്ച് താഴെ ചേർക്കും പ്രകാരം ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തുന്നു.

ഫണ്ടിനം	നീക്കിയിരുപ്പ് (₹)	ലഭ്യമാക്കിയ മറുപടി
ആർ.എം.എസ്. എ. 3201025	20,811	2017ൽ ഗവ. എച്ച്.എസ്.എസ്. നാമക്കുഴിക്ക് വേണ്ടി ലഭിച്ച തുകയിൽ ബാക്കിയുള്ള തുകയാണിത്.
അമൃത് 3201037	35,156	IB 3721 Amruth Holding Account ലെ ബാലൻസ് തുകയാണ്.
ഫ്ലഡ് റിലീഫ് ഗ്രാന്റ് 3202024	2,00,000	ഫ്ലഡ് റിലീഫ് ഗ്രാന്റ് ഇതുവരെ ചെലവഴിച്ചിട്ടില്ല.
ലൈബ്രറി ഗ്രാന്റ് 3202026	14,380	ലൈബ്രറി ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും 13410 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് 25-26

		വർഷത്തിൽ ഇതിൽ ക്രമീകരിക്കുന്നതാണ്.
ഗ്രാന്റ് ഫ്രം അദർ ഗവ. ഏജൻസീസ് 3203001	5,05,350	2018 ൽ ALMA Training Centre നവേണ്ടി ലഭിച്ച തുകയിൽ ബാക്കിയുള്ള തുക.
ഗ്രാന്റ് ഫ്രം വെൽഫെയർ ബോഡീസ് 3205001	1,24,000	320200209 എന്ന ശീർഷകത്തിൽ ലോക്കൽ സാംഖ്യയിൽ ഉൾപ്പെട്ടിരുന്ന തുകയാണ്. ഇതിന്റെ വിശദവിവരം ലഭ്യമല്ല.
സ്പെസിഫിക് പർപ്പസ് (സെൻട്രൽ ഗവ.) 3201050	2,30,536	320200299 എന്ന ശീർഷകത്തിൽ ലോക്കൽ സാംഖ്യയിൽ ഉൾപ്പെട്ടിരുന്ന തുകയാണ്. ഇതിന്റെ വിശദവിവരം ലഭ്യമല്ല.
ആകെ	11,30,233	

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 22 (ഡി) പ്രകാരം സർക്കാരിൽ നിന്നും മറ്റും വിതരണം ചെയ്യുന്ന ഗ്രാന്റുകളും അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ട ചുമതല ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്കുണ്ട്. ആയതിനാൽ ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-21 മുൻവർഷങ്ങളിൽ നിക്ഷേപിച്ച 33.9 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രിക പ്രകാരം (ബി.18 ഷെഡ്യൂൾ) വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ ഉള്ളതായി കാണുന്നു. ഏതെല്ലാം വർഷങ്ങളിൽ ഏതേത് പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ളത് എന്നും പ്രവൃത്തി പൂർത്തീകരിച്ച് മുൻകൂർ തുക ക്രമീകരിക്കുന്നതിന് നഗരസഭ സ്വീകരിച്ചിട്ടുള്ള വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/12.1.2026) മറുപടി ലഭ്യമാക്കിയ മറുപടി പരിഗണിച്ച് പരാമർശം ഉൾപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക (₹)	നഗരസഭ ലഭ്യമാക്കിയ മറുപടി
4606001	ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ്	5,88,348	2021-22 വർഷത്തിൽ Street Line Extension (150/22) എന്ന പ്രവൃത്തിക്കായി നൽകിയിട്ടുള്ള തുക. ധനവിനിയോഗ പത്രിക ലഭ്യമാക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണ്.
4606003	വാട്ടർ ഡെപ്പോസിറ്റ്	28,01,929	2021-22 വർഷത്തിൽ Pipe Line Extension (148/22) എന്ന പ്രവൃത്തിക്കായും (27,92,600) പ്രൈവറ്റ് ബസ് സ്റ്റാന്റ് വാട്ടർ കണക്ഷനായി അടവാക്കിയ 9329 രൂപയും ഉൾപ്പെടുന്ന തുക. ധനവിനിയോഗ പത്രിക ലഭ്യമാക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണ്.
ആകെ		33,90,277	

മരാമത്ത് പ്രവൃത്തികൾക്കായി തുകകൾ നിക്ഷേപിക്കുമ്പോൾ ബന്ധപ്പെട്ട ഏജൻസികളുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം. മേൽ വിവരിച്ച പ്രവൃത്തികൾ എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനും ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുന്നതിനും നടപടി

സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

1-22 സ്ക്രാപ്പ് ചെയ്ത പഴയ വാഹനം - രജിസ്ട്രേഷൻ റദ്ദാക്കിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL.17 E. 659 -ാം നമ്പർ ബൊലേറോ വാഹനം പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ളതിനാൽ വാഹനത്തിന്റെ വാല്യവേഷൻ എടുത്ത് മെറ്റൽ സ്ക്രാപ്പ് ട്രേഡിങ്ങ് കോർപ്പറേഷൻ ലിമിറ്റഡ് (MSTC Ltd) വഴി ഇ- ഓക്ഷൻ ചെയ്തിട്ടുള്ളതാണ്. 70000രൂപ ലേലത്തുകനഗരസഭാ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. MSTC ഡെലിവറി ഓർഡർ നൽകിയതനുസരിച്ച് Grand Global Junkyard & Recycling എന്ന അംഗീകൃത RVSF സ്ഥാപനത്തിന് വിട്ടുനൽകിയിട്ടുള്ളതുമാണെന്ന് നഗരസഭ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സ്ക്രാപ്പ് ചെയ്യുന്നതിനായി വിട്ടുനൽകിയിട്ടുള്ള ഈ വാഹനത്തിന്റെ രജിസ്ട്രേഷൻ മോട്ടോർ വാഹന വകുപ്പിൽ നിന്നും റദ്ദ് ചെയ്തിട്ടില്ല. ഇതിനായി 24.3.2025 ലെ 477254-2024 -ാം നമ്പർ കത്ത് മൂവാറ്റുപുഴ ആർ.ടി.ഒ. യ്ക്ക് നൽകിയിട്ടുണ്ടെങ്കിലും നിലവിലും ഈ വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടില്ല എന്ന് കാണുന്നു. നഗരസഭ സ്ക്രാപ്പ് ചെയ്യുന്നതിനായി വിട്ടു നൽകിയ വാഹനം സ്ക്രാപ്പ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും എഞ്ചിൻ നമ്പർ, ഷാസ്സി നമ്പർ ഉൾപ്പെടെയുള്ള ഭാഗം മോട്ടോർ വാഹന വകുപ്പിന് കൈമാറി, നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള രജിസ്ട്രേഷൻ റദ്ദുചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

1-23 സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗങ്ങൾ - അപാകതകൾ

ഓഡിറ്റ് വർഷത്തിൽ സകർമ്മ പ്രകാരവും മാനുവലായും ലഭ്യമാക്കിയ, നഗരസഭയിലെ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ യോഗ മിനുട്ട്സുകൾ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/19.1.2026) ലഭ്യമാക്കിയ മറുപടികൾ കൂടി പരിഗണിച്ച് താഴെ ചേർക്കുന്ന പരാമർശം ഉൾപ്പെടുത്തുന്നു.

1. പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നില്ല .

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22 (ഡി) പ്രകാരം, നഗരസഭയ്ക്ക് ലഭ്യമാകേണ്ട റവന്യൂ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരുപ്പ് (DCB) പരിശോധിക്കേണ്ടതും തൊട്ടു മുമ്പുള്ള മാസത്തെ വരവ് ചെലവുകളുടെ സംക്ഷിപ്തം പരിശോധിച്ച് അംഗീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ ഓഡിറ്റ് വർഷം ചേർന്നിട്ടുള്ള ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗമിനുട്ട്സുകളുടെ പരിശോധനയിൽ ഈ ചുമതലകൾ നിറവേറ്റപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ഈ പരാമർശം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല.

2. ചട്ടപ്രകാരം യോഗം ചേർന്നിട്ടില്ല .

2000 ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിങ്ങ് കമ്മിറ്റി) ചട്ടങ്ങൾ, ചട്ടം 16(1) പ്രകാരം സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം എങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ ഈ ചട്ടം പാലിച്ചു കാണുന്നില്ല.

സ്റ്റാന്റിങ്ങ് കമ്മിറ്റി	യോഗം ചേരാത്ത മാസം
വികസനകാര്യം	9/2024
ആരോഗ്യകാര്യം	6/2024
മരാമത്ത്കാര്യം	8/2024, 12/2024, 3/2025

വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ക്ലർക്ക് സ്ഥലംമാറിപ്പോയ ഒഴിവിൽ സെപ്റ്റംബർ 24 നാണ് പുതിയ ക്ലർക്ക് ജോയിൻ ചെയ്തതെന്നും ഈ മാസത്തിൽ യോഗം സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ നിർദ്ദേശം നൽകിയിട്ടില്ലാത്തതും ആയതിനാലാണ് സെപ്റ്റംബർ മാസത്തിൽ യോഗം ചേരാതിരുന്നത് എന്നും, ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 6.6.2024, 20.6.2024 എന്നീ തീയതികളിൽ കമ്മറ്റി ചേർന്നതായി ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ലാത്തതാണെന്നും, 8/2024, 12/2024,

3/2025 എന്നീ മാസങ്ങളിൽ പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗം ചേരുന്നതിന് ആവശ്യമായ അജണ്ടകൾ ഇല്ലായിരുന്നുവെന്നും യോഗം ചേരുന്നതിന് സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ നിർദ്ദേശങ്ങൾ നൽകിയിരുന്നില്ല എന്നുമാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. നിയമ പ്രകാരം കൂടേണ്ട യോഗങ്ങൾ ചേരാതിരുന്നതിനുള്ള ന്യായീകരണമായി ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

3. ഗ്രാന്റ് വിനിയോഗം നിരീക്ഷിക്കപ്പെടുന്നില്ല .

സെക്ഷൻ 22 (ഡി) പ്രകാരം, സർക്കാരിൽ നിന്നും വിതരണം ചെയ്യുന്ന ഗ്രാന്റുകളും അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ട ചുമതലയും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെതാണ്. എന്നാൽ ഈ ചുമതലയും നിറവേറ്റപ്പെടുന്നില്ല. മുൻകാലങ്ങളിൽ ലഭ്യമായ വിവിധ ഗ്രാന്റുകളിൽ 11.34 ലക്ഷം രൂപ വർഷവസാനം ചെലവഴിക്കാതെ ബാക്കി നിൽക്കുന്നതും ഓഡിറ്റ് വർഷം ലഭിച്ച വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയിൽ 37.10 ലക്ഷം ലാപ്സായതും മേൽ ചുമതല നിറവേറ്റപ്പെടാത്തത് കൊണ്ടാണെന്ന് കാണുന്നു. ഈ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22 ഡി, ഇ, എഫ്, ജി, എച്ച്, എച്ച്.എ. എന്നിവ പ്രകാരമുള്ള ചുമതലകളും, കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിങ്ങ് കമ്മിറ്റി) ചട്ടങ്ങളും പാലിക്കേണ്ടതാണ്.

1-24 ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് നിർമ്മാണം - 14847/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ/പേര്	320/25 തേക്കുംമൂട്ടിൽപ്പടി കൊമ്പനാമല റോഡ് മെയ്ന്റനൻസ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനിയർ
കരാറുകാരൻ	ജോജിസ് ജോസ്
ഇ.എം.ബുക്ക് നം	97306/24
അടങ്കൽ	600000/-(മെയ്ന്റനൻസ് ഫണ്ട് റോഡ്)
ചെലവ്	300000/-(മെയ്ന്റനൻസ് ഫണ്ട് റോഡ്)
ബിൽ നം/തീയതി	425/06.03.2025

തേക്കുംമൂട്ടിൽപ്പടി കൊമ്പനാമല റോഡ് മെയ്ന്റനൻസിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ ഡ്രൈനേജ് ബെഡ് കോൺക്രീറ്റിന് നിർമ്മാണത്തിന് ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ചതായി കാണുന്നത്. ഡ്രൈനേജിന് വേണ്ടി മണ്ണ് എടുത്ത് മാറ്റിയ അതേ നീളത്തിലും വീതിയിലും തന്നെയാണ് ബെഡ് കോൺക്രീറ്റ് നടത്തിയത് എന്ന് ഇ.എം ബുക്ക് പ്രകാരം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇ.എം ബുക്ക് പ്രകാരംചെയ്ത പ്രവൃത്തി	ഇ.എം ബുക്ക് പ്രകാരംചെയ്ത അളവ്	ഫോം വർക്ക് ഉൾപ്പെടെ MoRD സ്പെസിഫിക്കേഷനിൽ നൽകിയ തുക	ഫോം വർക്ക് ഉൾപ്പെടാതെയുള്ള MoRD സ്പെസിഫിക്കേഷൻ പ്രകാരം നൽകാവുന്ന തുക	അധികം നൽകിയത്
PCC(1:2:4) For Substructure As Per Drawing ,Compaction,Finishing And Tamping Etc.	18.621cum	8775x18.621 =163399/-	7977.65x18.621 =148552/-	14847/-

മണ്ണ് മാറ്റിയ അതേ അളവിൽ തന്നെ ബെഡ് കോൺക്രീറ്റ് ചെയ്യുമ്പോൾ ഫോം വർക്ക് എന്ന ഇനം

ഉൾപ്പെടുത്തിയതിനുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 47/22.01.2026 നൽകിയതിനുള്ള മറുപടിയിൽ ടി പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ സ്ഥലം മാറിപ്പോയതിനാൽ എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതു ലഭ്യമാക്കി വിവരം അറിയിക്കാമെന്നും അറിയിച്ചിട്ടുള്ളതിനാൽ ആയതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതുവരെ 14847/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 മാറ്റിയ ഉപകരണം സ്റ്റോക്കിലെടുത്തില്ല.15850/-തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ/പേര്	293/25 പിറവം നഗരസഭ മന്ദിരത്തിൽ എസി ഓഡിറ്റോറിയം നിർമ്മാണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനിയർ
പാനൽ എഞ്ചിനീയർ	കെ.ജെ.ജോർജ് (അസിസ്റ്റന്റ് എഞ്ചിനിയർ)
	എം.കെ.ജോയ്(അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ)
കരാറുകാരൻ	RICH ENGINEERS
ഇ.എം.ബുക്ക് നം	109191/24
അടങ്കൽ	4000000/-(പൊതു വിഭാഗം ഫണ്ട്-1010010+ ധനകാര്യ കമ്മീഷൻ അവാർഡ്-2850390+ തനത് ഫണ്ട്-139600)
ചെലവ് ബിൽ നം/തീയതി	1010010/-(പൊതു വിഭാഗം ഫണ്ട്) 509/21.03.2025

പിറവം നഗരസഭ മന്ദിരത്തിൽ എസി ഓഡിറ്റോറിയം നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം ഇലെക്ട്രിക്കൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പാനൽ എൻജിനീയർ തയ്യാറാക്കുകയും, RICH ENGINEERS എന്ന സ്ഥാപനവുമായി 91AE/LID&EW/PVM/24-25/13.03.2025 നം കരാറിൽ ഏർപ്പെടുകയുംചെയ്തു, ഓഡിറ്റ് വർഷം പാർട്ട് ബില്ലായി 1010010/- നൽകിയിട്ടുള്ളതും 2025-26 ൽ സ്പിൽ ഓവറായി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

ഓഡിറ്റോറിയത്തിൽ സ്ഥാപിച്ചിട്ടുള്ളത് Non Inverter Ductable Type Air Conditioner ആയതിനാൽ ഇനിഷ്യൽ Amps കൂടുതൽ എടുക്കുന്നതിനാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഇൻസ്റ്റാൾ ചെയ്ത 100amps Tp Mccb, 3.5*50 AYFY കേബിൾ എന്നിവ മാറ്റി പകരം 120 Amps Mccb To Vdb, 3.5*95 AYFY കേബിൾ പുതിയത് ഇൻസ്റ്റാൾ ചെയ്തതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയിരുന്നു (എൻക്വയറി നം 11/15.01.2026).

1.ഇനിഷ്യൽ Amps കൂടുതൽ എടുക്കുന്ന ഏസി-ക്ക് കുറഞ്ഞ Amps ലുള്ള Mccb & AYFY കേബിൾ എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനുള്ള കാരണം.

2.മാറ്റിയ Mccb & AYFY കേബിൾ എന്നിവ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ.

3.മാറ്റിയ സാധനങ്ങളുടെ തുകയും വീണ്ടും ഏജൻസി ചാർജ് അനുവദിച്ചിട്ടുണ്ടോയെന്നതു സംബന്ധിച്ച്.

ആയതിനുള്ള 22/01/2026 ലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം മാറ്റിയ Mccb & AYFY കേബിൾ എന്നിവ നഗരസഭയിലെ ലിഫ്റ്റിനോട് ചേർന്നുള്ള മുറിയിൽ സൂക്ഷിച്ചിരുന്നതായും എന്നാൽ ഇപ്പോൾ സ്ഥലത്ത് മാറ്റിയ AYFY കേബിൾ മാത്രമാണുള്ളതെന്നും മാറ്റിയ 100A TP Mccb കണ്ടെത്തിയില്ലയെന്നുമാണ് അറിയിച്ചത്.

മാറ്റിയ ഉപകരണം കരാറുകാരൻ ഉത്തരവാദിത്തപ്പെട്ടവരെ ഏൽപ്പിക്കുകയോ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ആയത് കണ്ടെത്തി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ പാർട്ട് ബിൽ

പ്രകാരം അനുവദിച്ച Mccb യുടെ വിലയായ 15850/-തടസ്സപ്പെടുത്തുന്നു.

1-26 കരാർ എടുത്ത വ്യക്തിയുടെ പേരിലല്ല കരാർ തുക നൽകിയത് -148988/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ/പേര്	284/25 അറയ്ക്കൽ തോട് പുനരുദ്ധാരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനിയർ
കരാറുകാരൻ	ജോർജ് വി എ
ഇ.എം.ബുക്ക് നം	101770/24
അടങ്കൽ	150000/-(തനത് ഫണ്ട്)
ചെലവ് വൗച്ചർ നം/തീയതി	148988/-(തനത് ഫണ്ട്) P-M071200-24001056,Dt.31.03.2025

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം ശ്രീ.ജോർജ് വി എ യുമായി കരാറിൽ ഏർപ്പെടുകയും (കരാർ നം.61/LID/EW/PVM/24 Dt.05/02/2025) 14/02/2025 ൽ പണി തുടങ്ങി 21/03/2025 ൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ വൗച്ചർ നം പ്രകാരം കരാർ പ്രകാരമുള്ള തുക അനുവദിച്ചിരിക്കുന്നത് ജോണി എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ്. കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയോ പവർ ഓഫ് അറ്റോർണിയോ ഒന്നുമില്ലാതെ മറ്റൊരാളുടെ അക്കൗണ്ടിലേക്ക് ബിൽ തുക നൽകിയത് ചട്ടവിരുദ്ധമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/16.01.2026 നുള്ള മറുപടിയിൽ ജോർജ് വി എ യും ജോണിയും ഒരു വ്യക്തി തന്നെയാണെന്നും വൺ ആന്റ് സെയിം സർട്ടിഫിക്കറ്റ് കരാറുകാരനിൽ നിന്നും വാങ്ങി ഹാജരാക്കാമെന്നും അറിയിച്ചു. എന്നാൽ കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയോ പവർ ഓഫ് അറ്റോർണിയോ ഒന്നുമില്ലാതെ മറ്റൊരാളുടെ അക്കൗണ്ടിലേക്ക് ബിൽ തുക നൽകിയത് ചട്ടവിരുദ്ധമായതിനാൽ രേഖകൾ ഹാജരാക്കുന്നതുവരെ 148988/- തടസ്സപ്പെടുത്തുന്നു.

1-27 മാലിന്യ നിക്ഷേപം നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ: പ്രവൃത്തി പൂർത്തിയായിട്ടില്ല; 20,00,000/- രൂപ തടസ്സം

പ്രൊജക്റ്റ് നമ്പർ/ പേര്	272/25- മാലിന്യ നിക്ഷേപം നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ
അടങ്കൽ	₹20,00,000/- (വികസന ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് (ബിൽ നമ്പർ/തീയതി)	₹20,00,000/- (511, 22.03.2025)
നിർവഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ

മേൽ പ്രൊജക്റ്റ് പ്രകാരം 8 റോഡുകളിൽ മാലിന്യ നിക്ഷേപം നിരീക്ഷിക്കുന്നതിനായി ആകെ 22 സി. സി. ടി. വി ക്യാമറകൾ സ്ഥാപിക്കാൻ വേണ്ടി 20,00,000/- രൂപ പിഡബ്ല്യൂഡി ഇലക്ട്രോണിക്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ക്യാമറകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	റോഡ് പ്രദേശം	ക്യാമറകളുടെ എണ്ണം
1.	ശാന്തികവാടം	2
2.	പിറവം പാലം	8
3.	മാമല കവല	2
4.	നിരപ്പ്	2

5.	മുടിക്കൽ പാലം	2
6.	ഇല്ലിക്കമുക്കട	2
7.	നേച്ചർ പാലം	2
8.	മുളക്കുളം	2

പ്രൊജക്റ്റ് പൂർത്തീകരണത്തിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/20.01.2026) ലഭിച്ച മറുപടിയിൽ ശാന്തികവാടം(2), പിറവം പാലം(8) എന്നിവിടങ്ങളിൽ 10 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ശേഷിക്കുന്ന 7 പ്രദേശത്തും ക്യാമറകൾ സ്ഥാപിച്ച്, അവയ്ക്ക് വൈദ്യുതി കണക്ഷൻ എടുത്ത് പ്രവർത്തന സജ്ജമാക്കേണ്ടതാണ്. മുഴുവൻ ക്യാമറകളും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതിന് വിധേയമായി 20,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 ടോയ്‌ലറ്റ് പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല; 1,10,000/- രൂപ തടസ്സം

പ്രൊജക്റ്റ് നമ്പർ/പേര്	243/25 (സ്പിൽ ഓവർ) – ടോയ്‌ലറ്റ് പുനരുദ്ധാരണം
അടങ്കൽ	₹3,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	₹1,50,000/- {₹45,000/-, 370/18.02.2025; ₹15,000/-, 378/19.02.2025; ₹20,000/-, 411/05.03.2025; ₹55,000/-, 476/15.03.2025; ₹15,000/-, 571/27.03.2025;}
നിർവഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഇൻസ്‌പെക്ടർ

മേൽ പ്രൊജക്റ്റ് പ്രകാരം ടോയ്‌ലറ്റ് അറ്റകുറ്റപ്പണികൾക്കായി ആദ്യ ഗഡുവായി ₹5,000/- വീതം 30 ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ടോയ്‌ലറ്റ് പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റും, മുഴുവൻ ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിച്ച വാല്യേഷൻ രേഖകളും പൂർത്തീകരണ സർട്ടിഫിക്കറ്റും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/20.01.2026) 8 പേരുടെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. ബാക്കിയുള്ളവർക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നോട്ടീസ് നൽകുമെന്നും അറിയിച്ചു.

ശേഷിക്കുന്ന 22 പേരുടെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ 5000*22 = 1,10,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 സുരക്ഷിത ഭവനം - ഭവന പുനരുദ്ധാരണം - പ്രവൃത്തി പൂർത്തിയാക്കിയില്ല

പ്രൊജക്റ്റ് നമ്പർ/പേര്	246/25, സുരക്ഷിത ഭവനം – ഭവന പുനരുദ്ധാരണം
അടങ്കൽ	₹74,50,000/- (വികസനഫണ്ട്–പൊതു വിഭാഗം സാധാരണ വിഹിതം)
ചെലവ്, ബിൽ നമ്പർ/തീയതി	₹5658765/-* (₹43,50,000+₹13,08,765) ₹158765/-, 327/27.01.2025; ₹175000/-, 405/03.03.2025; ₹375000/-, 410/05.03.2025; ₹300000/-, 448/11.03.2025; ₹300000/-, 477/15.03.2025;

*2023-24 വർഷം ട്രഷറിയിലേക്ക് അയച്ച ബില്ലുകളിൽ ചിലത് ക്യൂ ബില്ലായി തിരിച്ച് വന്നിരുന്നതിനാൽ 43,50,000 രൂപയുടെ തുക നിലവിലെ വർഷത്തെ പ്രോജെക്ടിൽ നിന്നുമാണ് അനുവദിച്ച് കൊടുത്തത്.
മേൽ പ്രൊജക്റ്റ് പ്രകാരം 2024-25 വർഷം 53 ഗുണഭോക്താക്കൾക്കായി ഭവന പുനരുദ്ധാരണത്തിനായി ആകെ 13,08,765 രൂപ നൽകിയിട്ടുണ്ട്.
പ്രൊജക്റ്റ് സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 29/20.01.2026) പ്രകാരം സമർപ്പിച്ച രേഖകളിൽ ചുവടെ ചേർക്കുന്ന ആദ്യ ഗഡു കൈപ്പറ്റിയ 4 ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയായതിന്റെ രേഖകൾ ഹാജരാക്കിയില്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	നൽകിയ തുക (₹)
1.	സരസമ്മ	25,000/-, 405/03.03.2025;
2.	ജോർജ് ജോസഫ്	25,000/-, 410/05.03.2025;
3.	ആലി പൗലോസ്	25,000/-, 410/05.03.2025;
4.	എൽസി ജോയ്	25,000/-, 448/11.03.2025;
ആകെ		₹1,00,000/-

മേൽ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ₹1,00,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 വിജയഭേരി സ്കോളർഷിപ്പ് നൽകിയതിലെ അപാകത; 45,000/- രൂപയുടെ ചെലവ് തടസ്സം

പ്രൊജക്റ്റ് നമ്പർ/പേര്	99/2025, പട്ടികജാതി വിദ്യാർത്ഥികൾക്ക് വിജയഭേരി സ്കോളർഷിപ്പ്
അടങ്കൽ	₹10,00,000/- (എസ്. സി. പി)
ചെലവ്	₹9,40,000/- [₹2,00,000/-, 275/28.12.2024, ₹1,35,000/-, 308/20.01.2025, ₹3,50,000/-, 466/13.03.2025, ₹80,000/-, 475/15.03.2025, ₹35,000/-, 565/25.03.2025, ₹1,40,000/-, 553/24.03.2025]
നിർവഹണ ഉദ്യോഗസ്ഥ	പട്ടികജാതി വികസന ഓഫീസർ

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.
1. പാമ്പാക്കുട ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസറുടെ 5.11.2024-ലെ SCDP-624/24 നമ്പർ കത്ത് പ്രകാരം വിജയഭേരി ഗുണഭോക്താക്കളുടെ വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് മുൻഗണന ക്രമത്തിൽ ആക്കി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇപ്രകാരമുള്ള മുൻഗണന ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.
2. സ്കോളർഷിപ്പ് കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പേരുകൾ നഗരസഭ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	തുക
1.	ഗൗരി ജെ	25,000/-
2.	അനന്തു തങ്കപ്പൻ	20,000/-

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15.01.2026) മറുപടി ലഭിച്ചില്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. പട്ടികയിൽ പരാമർശിച്ചിരിക്കുന്ന

ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിന് വിധേയമായി 45,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 എസ് സി കുടുംബങ്ങളുടെ ഭവനപുനരുദ്ധാരണം ₹427280/- തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നമ്പർ/ പേര്	100/25, എസ് സി കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണം	153/25, എസ് സി കുടുംബങ്ങളുടെ വീട് വാസ യോഗ്യമാക്കൽ (സ്പിൽ ഓവർ പ്രൊജക്റ്റ്)
അടങ്കൽ തുക	₹15,00,000/- {3,00,000/- : എസ്. സി. പി, ₹12,00,000/- : ധനകാര്യ കമ്മീഷൻ അവാർഡ്}	₹11,25,000/- {₹50000/- : പൊതു വിഭാഗം സാധാരണ വിഹിതം, ₹10,75,000/-: എസ്. സി. പി}
ചെലവ് തുക, ബിൽ നമ്പർ/തീയതി	₹2,77,280/- {എസ്. സി. പി} 552/25.03.2025	₹10,50,000/- {എസ്.സി. പി} ₹1,50,000/-, 3/16.05.2024; ₹3,75,000/-, 51/12.07.2024; ₹75,000/-, 52/12.07.2024; ₹1,50,000/-, 56/18.07.2024; ₹75,000/-, 83/29.08.2024; ₹75,000/-, 221/22.11.2024; ₹75,000/-, 229/27.11.2024 ₹75,000/-, 464/13.3.2025
നിർവഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ	

മേൽ പ്രൊജക്ടുകൾ പ്രകാരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് വേണ്ടി 2024-25 ൽ തുക (ആദ്യ ഗഡു) നൽകിയിട്ടുണ്ട്. എന്നാൽ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	പ്രൊജക്റ്റ് നമ്പർ	നൽകിയ തുക (ബിൽ നമ്പർ/തീയതി)
1.	സുനി വി യു	100/25	75,000/- (552/24.03.2025)
2.	സുജാത ഷാജി		67,705/- (552/24.03.2025)
3.	നാണപ്പൻ കെ. വി		75,000/- (552/24.03.2025)
4.	ഗോപി കെ. കെ		59,575/- (552/24.03.2025)
5.	പെണ്ണമ്മ ഗോപി	153/25	75,000/- (464/ 13.03.2025)
6.	അശോകൻ എം.		75,000/- (222/22.11.2024)
ആകെ			427280/-

മേൽ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/16.01.2025) മറുപടി ലഭിച്ചില്ല. മേൽ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കിയ രേഖകൾ ഹാജരാക്കുന്നത് വരെ 4,27,280 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കുടിശിക വെള്ളക്കരം അടവാക്കിയത് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഫയൽ നമ്പർ-E2-2364771

നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ PV1/4437/N കണക്ഷന്റെ 08/24 വരെയുള്ള വെള്ളക്കരം കുടിശിക 612840/-രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 461489/- രൂപയായി വാട്ടർ അതോറിറ്റി കുറവ് ചെയ്ത് നൽകുകയും 04.11.24ൽ ചെക്ക് നം.522214 പ്രകാരം തുക അടവാക്കുകയും ചെയ്തു. ഇതേ കണക്ഷനുമായി ബന്ധപ്പെട്ട് 2024 നവംബർ മാസത്തിലെ വെള്ളക്കരം ഇനത്തിൽ 70152/- രൂപയും വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട് (ചെക്ക് നം.517371/21.12.24). കുടിശിക വന്നതിന്റെ കാരണവും കുടിശിക തുക അടവാക്കിയ കാലയളവും വ്യക്തമല്ല. വെള്ളക്കരം ബില്ലുകളും ഫയലിൽ ഇല്ല. ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നവരിൽ നിന്നും വെള്ളക്കരം ഈടാക്കുന്നതിനുള്ള വ്യവസ്ഥ വാടക കരാറിൽ നിലവിൽ ഇല്ല. വാടക കരാറിൽ പ്രതിമാസ വാടക അടവാക്കുന്നതിനെ കുറിച്ച് മാത്രമേ പരാമർശിച്ചിട്ടുള്ളൂ.

PV1/4437/N നമ്പർ കണക്ഷന്റെ വാട്ടർ മീറ്റർ 23.11.24 ൽ വാട്ടർ അതോറിറ്റി മീറ്റർ ഇൻസ്പെക്ടർ പരിശോധിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മീറ്റർ റീഡിംഗ് അധികരിക്കുന്നതിനുള്ള കാരണം സർവ്വീസ് പൈപ്പ്, ഓവർ ഹെഡ് ടാങ്ക് എന്നിവയിലെ ലീക്ക് ആകാൻ സാദ്ധ്യതയുണ്ടെന്നും ലൈസൻസ്ഡ് പ്ലംബറെക്കൊണ്ട് ലൈൻ പരിശോധിപ്പിച്ച് ലീക്ക് ഉണ്ടോയെന്ന് നോക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റി അധികാരികൾ നിർദേശിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി നിർദേശിച്ചതു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് മീറ്റർ റീഡിംഗ് കൃത്യമാക്കിയിട്ടുണ്ടോയെന്ന വിവരം ലഭ്യമായില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ 46/22.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

വെള്ളക്കരം കുടിശ്ശിക ഇനത്തിൽ ഭീമമായ തുക അടവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതും സർവ്വീസ് പൈപ്പ് ലൈൻ, ഓവർ ഹെഡ് ടാങ്ക് ഇവയിൽ ചോർച്ച ഉണ്ടെങ്കിൽ ആയതിന്റെ തകരാറുകൾ പരിഹരിച്ച് ജലം പാഴായി പോകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. PV1/4437/N നമ്പർ വാട്ടർ കണക്ഷന്റെ ഉപഭോക്താക്കൾ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് എടുത്തവരായതിനാൽ പ്രതിമാസ വെള്ളക്കരം പ്രസ്തുത വാടകക്കാരിൽ നിന്നു തന്നെ ഈടാക്കുന്നതിനുള്ള വ്യവസ്ഥ വാടക കരാറിൽ ഉൾപ്പെടുത്തി കൃത്യമായി വെള്ളക്കരം ഈടാക്കി അടവാക്കേണ്ടതുമാണ്.

1-33 വീഡ് കട്ടറുകളുടെ ഇന്ധന ഉപഭോഗം നിരീക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

നഗരസഭ പരിധിയിലുള്ള പ്രദേശങ്ങളിലെ പുല്ലും ചെടികളും വെട്ടിയൊതുക്കുന്നതിനായി ഉപയോഗിക്കുന്ന വീഡ് കട്ടറുകളുടെ പ്രവർത്തനത്തിന് ആവശ്യമായ പെട്രോൾ വാങ്ങുന്നതിന് നഗരസഭ തുക ചെലവഴിക്കുന്നുണ്ട്. ഹോളി കിംഗ്സ് ഫ്യുവൽസ്, പിറവം എന്ന സ്ഥാപനം നൽകിയ ബില്ലുകൾ പരിശോധിച്ചതിൽ 10 ലിറ്റർ വീതമാണ് ഭൂരിഭാഗം ദിവസങ്ങളിലും വീഡ്കട്ടറുകളിൽ ഉപയോഗിക്കുന്നതിനായി പെട്രോൾ വാങ്ങിയിട്ടുള്ളത്. ഉദാഹരണമായി 2024 ഓഗസ്റ്റ് മാസത്തെ ഫ്യുവൽ ബില്ലുകൾ പരിശോധിച്ചതിൽ 12 ദിവസങ്ങളിലായി 10 ലിറ്റർ വീതം പെട്രോൾ വാങ്ങിയിട്ടുണ്ട്. കൂടാതെ 5 ലിറ്റർ ഓയിലും വാങ്ങിയിട്ടുണ്ട്. ഇതിനായി ആകെ 13453/- രൂപചെലവഴിച്ചു. നഗരസഭ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ നൽകിയ ഇൻഡന്റിന്റെ അടിസ്ഥാനത്തിലാണ് പെട്രോളും ഓയിലും വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1)നഗരസഭയുടെ ഉടമസ്ഥതയിൽ 6 വീഡ് കട്ടറുകൾ ഉണ്ടെന്നും ഓരോന്നിന്റെയും ഇന്ധന ശേഷി ഒരു ലിറ്ററാണെന്നും ഇതു സംബന്ധിച്ച് നൽകിയ 50/23.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വീഡ് കട്ടറുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2) ഒരോ വീഡ് കട്ടറിന്റെയും ഇന്ധന ശേഷി ഒരു ലിറ്റർ ആണെന്ന് നഗരസഭ അറിയിച്ചുവെങ്കിലും വീഡ് കട്ടറുകളുടെ ഇന്ധന ഉപഭോഗം കണക്കാക്കുന്നതിന് ആധികാരികമായ രേഖകൾ ഹാജരാക്കിയില്ല. ഓരോ ദിവസവും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് പെട്രോൾ പമ്പിൽ പോയി വീഡ് കട്ടറുകളിൽ ഇന്ധനം

നിറയ്ക്കുകയാണ് ചെയ്യുന്നത് എന്നാണ് അറിയിച്ചത്. 6 വീഡ് കട്ടറുകളും ഒരു ദിവസം ഉപയോഗിച്ചാൽ തന്നെയും ഒരു വീഡ് കട്ടറിൽ ഒരു ലിറ്റർ അളവിൽ 6 എണ്ണത്തിന് ആകെ 6 ലിറ്റർ പെട്രോളിന്റെ ആവശ്യം മാത്രമേയുള്ളൂ. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടർമാർ നൽകിയ ഇൻഡന്റുകൾ പ്രകാരവും പെട്രോൾ പമ്പിലെ ബില്ലുകൾ പ്രകാരവും, വീഡ് കട്ടർ ഉപയോഗിച്ച ഭൂരിഭാഗം ദിവസങ്ങളിലും 10 ലിറ്റർ പെട്രോളാണ് വാങ്ങിയിട്ടുള്ളത്.

3) വീഡ് കട്ടറുകൾ ഉപയോഗിച്ച് കണ്ടിജന്റ് തൊഴിലാളികൾ പുല്ല് വെട്ടിമാറ്റുന്ന ഭാഗത്തിന്റെ അളവ് ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഓരോ ദിവസവും വീഡ് കട്ടർ ഉപയോഗിച്ച് പുല്ല് വെട്ടുന്നതിനായി തൊഴിലാളികളെ നിയോഗിക്കുന്ന ഡിവിഷനുകളുടെ പേരും ഇൻഡന്റ് വിവരങ്ങളും 2025 ജനുവരി മാസം മുതൽ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് എന്നതല്ലാതെ തൊഴിലാളികൾ പ്രവൃത്തി ചെയ്യുന്നത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. 2025 ജനുവരി മാസത്തിനു മുൻപുള്ള കാലഘട്ടത്തിൽ ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല.

വീഡ് കട്ടറുകൾ ഉപയോഗിച്ച് തൊഴിലാളികൾ ചെയ്യുന്ന പ്രവൃത്തിയുടെ അളവ് നിർണ്ണയിക്കേണ്ടതും വീഡ് കട്ടറുകളുടെ ഇന്ധന ഉപഭോഗം നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്. നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-34 നഗരസഭ സെക്രട്ടറിക്ക് വാഹനം വാങ്ങുന്നതിനായി അനുവദനീയമായതിലും അധികം തുക ചെലവഴിച്ചു

പ്രൊജക്ട് നമ്പർ	386/25
പ്രൊജക്ടിന്റെ പേര്	നഗരസഭ സെക്രട്ടറിക്ക് വാഹനം വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	1300000/-
ചെലവ്	1300000/- (UTR No.RBI0832513655850, തീയതി.24.03.2025)
ഫണ്ട്	പൊതുവിഭാഗം വികസന ഫണ്ട്

മഹീന്ദ്ര &മഹീന്ദ്ര കമ്പനി നിർമ്മിച്ച സ്കോർപ്പിയോ N എസ്.യു.വി. വാഹനം വാങ്ങുന്നതിന് പ്രൊജക്ട് പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 13,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. മഹീന്ദ്ര & മഹീന്ദ്ര കമ്പനിക്കാണ് തുക നൽകിയത്. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1)മഹീന്ദ്ര & മഹീന്ദ്രയുടെ ടാക്സ് ഇൻവോയ്സ് പ്രകാരം ജി.എസ്.ടി,സെസ് ഇവയടക്കം ആകെ വാഹന വില 13,94,629/-രൂപയാണ്. 94,629/-രൂപ കമ്പനിക്ക് നൽകിയിട്ടില്ലെന്നും സ.ഉ.(സാധാ)നം.2030/2022/LSGD, തീ.20.8.2022 പ്രകാരം മുനിസിപ്പാലിറ്റികൾക്ക് ഔദ്യോഗികാവശ്യത്തിന് പരമാവധി 13,00,000/-രൂപ വരെ വിലയുള്ള വാഹനം വാങ്ങുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത് എന്നതിനാൽ നഗരസഭ ആവശ്യപ്പെട്ടതു പ്രകാരം വാഹന ഡീലർ 94,629/-രൂപ വിലയിൽ കുറവു ചെയ്തു തന്നുവെന്നാണ് അറിയിച്ചത്. എന്നാൽ ഇത് സംബന്ധിച്ച് വാഹന ഡീലറുമായി കത്തിടപാടുകൾ നടത്തുകയോ 94,629/-രൂപ കുറവ് ചെയ്ത് പുതുക്കിയ ഇൻവോയ്സ് കമ്പനി നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ 94,629/-രൂപ നഗരസഭയുടെ ബാദ്ധ്യതയായി നിലനിൽക്കുന്നു.

2)വാഹനം ബേസ് മോഡൽ ആയതിനാൽ വാഹനത്തിൽ ആക്സസറീസ് ഘടിപ്പിച്ചതിന് തോമസ് കാർ സ്റ്റൈൽ, പാലാരിവട്ടം എന്ന സ്ഥാപനത്തിന് 81,800/-രൂപ നൽകിയിട്ടുണ്ട്. വാഹനത്തിൽ ഫോഗ് ലാംപ് ഘടിപ്പിച്ചതിന് Automotive Manufacturers Pvt. Ltd., പാലാരിവട്ടം എന്ന സ്ഥാപനത്തിന് 24,000/-രൂപയും നൽകിയിട്ടുണ്ട്. 2025-26 വർഷം തനത് ഫണ്ടിൽ നിന്നുമാണ് പ്രസ്തുത ചെലവുകൾ നടത്തിയിട്ടുള്ളത്. ഫയൽ പ്രകാരം വാഹനത്തിനായി ആകെ ചെലവഴിച്ചത് 18,02,169/-രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാഹനവില(നൽകിയത്)- 13,00,000/- (യഥാർത്ഥ വില-13,94,629/-)

ഇൻഷുറൻസ് – 56650/-

വാഹന രജിസ്ട്രേഷൻ ചാർജ്, സെസ്, നികുതി - 2,69,090/-

ആക്സസറീസ്-81,800/-

ഫോഗ് ലാംപ്-24,000/-

ആകെ ചെലവ്-17,31,540/- (ചെലവഴിക്കാവുന്നത്-13,00,000/-)

ഔദ്യോഗികാവശ്യങ്ങൾക്ക് കൂടുതൽ അനുയോജ്യമായതും മെയിന്റനൻസ് ചെലവ് കുറവും മൈലേജ് താരതമ്യേന കൂടുതൽ ഉള്ളതുമായ മഹീന്ദ്ര&മഹീന്ദ്രയുടെ തന്നെ ബൊലേറോ ഡീസൽ ടോപ് മോഡൽ വാഹനത്തിന് നികുതി, ഇൻഷുറൻസ് ഇവയടക്കം ആകെ ചെലവ് 12 ലക്ഷം രൂപയിൽ താഴെയേ വരുകയുള്ളൂ എന്നിരിക്കെ ഔദ്യോഗിക ആവശ്യത്തിനായി മൈലേജ് കുറവായ പെട്രോൾ ഇന്ധനമായി ഉപയോഗിക്കുന്ന ഒരു ബേസ് മോഡൽ എസ്.യു.വി. 17 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് വാങ്ങിയതു മൂലം ഇതിനായി സർക്കാർ ഉത്തരവ് പ്രകാരം പരമാവധി ചെലവഴിക്കാവുന്ന തുകയിൽ അധികരിച്ച് 4,31,540/-രൂപ കൂടി ചെലവു വന്നു. ഇതു സംബന്ധിച്ച് നൽകിയ 14/15.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പിറവം നഗരസഭ പ്രദേശം കുന്നും മലയും നിറഞ്ഞായതിനാൽ യാത്ര സുഖം പരിഗണിച്ചാണ് ബൊലേറോ പരിഗണിക്കാതെ സ്കോർപ്പിയോ വാങ്ങിയതെന്നും 19.3.25 ൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ് ഇതു സംബന്ധിച്ച് തീരുമാനമെടുത്തതെന്നും നഗരസഭ കൗൺസിലിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടില്ലെന്നും നഗരസഭ മറുപടി ലഭ്യമാക്കി.
കമ്പനി വാഹന വിലയിൽ 94,629/-രൂപ കുറവു ചെയ്തു നൽകിയിട്ടുണ്ടെങ്കിൽ 13,00,000/-രൂപയുടെ പുതുക്കിയ ഇൻവോയ്സ് കമ്പനിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായതിലും അധികരിച്ച് 4,31,540/-രൂപ ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

1-35 ജീവനക്കാർ കൈപ്പറ്റിയ മുൻകൂറുകൾ ക്രമീകരിച്ചില്ല-1,90,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

2024-25 വർഷത്തെ തനത് ഫണ്ട് വൗച്ചറുകളും മുൻകൂർ രജിസ്റ്ററും പരിശോധിച്ചതിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി മുൻകൂറായി തുകകൾ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ജീവനക്കാർ ചെലവ് രേഖകൾ ഹാജരാക്കി മുൻകൂറുകൾ ക്രമീകരിച്ചതായി കാണുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99പ്രകാരം, വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി കൈപ്പറ്റുന്ന തുകകൾ 3 മാസത്തിനകം ക്രമീകരിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം തുക 18% പലിശ സഹിതം മുൻകൂർ കൈപ്പറ്റിയവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ക്രമ നമ്പർ	ചെക്ക് നമ്പർ/ തീയതി	ഫയൽ നമ്പർ	അനുവദിച്ച തുക	തുക കൈപ്പറ്റിയ വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും	മുൻകൂർ കൈപ്പറ്റിയതിന്റെ ഉദ്ദേശ്യം	റിമാർക്സ്
1	005081/ 13.8.24	H1- 723395/24	50000/-	സിജു കെ., PHI	സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലെ മരം മുറിച്ചു മാറ്റുന്നതിന് (അദാലത്തിലെ പരാതി)	വാർഡ് 25 ൽ താമസിക്കുന്ന ബേബി പത്രോസ്, ഇലവുംപറമ്പിൽ എന്ന വ്യക്തി തന്റെ അയൽവാസിയായ ഗീവർഗീസ്, ചെമ്പകപ്പറമ്പിന്റെ പുരയിടത്തിലെ പ്ലാവ്, ആഞ്ഞിലി, ജാതി മരങ്ങൾ തന്റെ വീടിന് ഭീഷണിയായതിനാൽ ആയവ മുറിച്ചു മാറ്റുന്നതിനായി അദാലത്തിൽ നൽകിയ പരാതിയെ തുടർന്നാണ് മരങ്ങൾ മുറിച്ചു മാറ്റുന്നതിന്

						തുക അനുവദിച്ചത്. എന്നാൽ 22.8.24ന് നഗരസഭ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ വന്ന് വീടിന്റെ മുകളിൽ ചാഞ്ഞു നിന്നിരുന്ന ജാതിമരത്തിന്റെ കൊമ്പുകൾ മാത്രമേ മുറിച്ച മാറ്റിയിട്ടുള്ളൂ എന്ന് ശ്രീ.ബേബി പത്രോസ് 02.9.24 ൽ പരാതി നൽകിയത് ഫയലിൽ ഉണ്ട്.
2	000083/ 14.8.24	E2-1729155/24	40000/-	അരുൺകുമാർ ബി, PHI	2024 ലെ സ്വാതന്ത്ര്യ ദിനാഘോഷത്തിന്	
3	000160/22.12.24	E1-2834079/24	10,000/-	മറീന കെ, ഓവർസിയർ	വാർഡ് 10ൽ പൈപ്പ് കൾവർട്ട് വൃത്തിയാക്കുന്നതിന്	
4	000202/06.02.25	E2-1997439/24	20,000/-	അരുൺകുമാർ ബി, PHI	പോഴിമല കോളനി കെട്ടിടം അറ്റകുറ്റപ്പണി	
5	000242/24.3.25	E1-1997439/24	20,000/-	അരുൺകുമാർ ബി, PHI	ഷെൽറ്റർ ഹോമിനു സമീപമുള്ള കിണർ വൃത്തിയാക്കുന്നതിന് നൽകിയ തുക	
6	000244/25.3.25	H1-742946/25	50,000/-	അരുൺകുമാർ ബി, PHI	26.3.25 ലെ മാലിന്യമുക്തം നവകേരളം പ്രോഗ്രാം നടത്തുന്നതിന് നൽകിയ തുക	
		ആകെ	1,90,000/-			

ക്രമ നം.1, 2 എന്നിവ പ്രകാരം കൈപ്പറ്റിയ മുൻകൂറുകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച് പിറവം നഗരസഭയുടെ 2023-24 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശമുണ്ട്. അരുൺകുമാർ ബി, PHI കൈപ്പറ്റിയ മുൻകൂറുകൾ ക്രമീകരിക്കാതെ സ്ഥിരമായി വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥനാണ് എന്നിരിക്കെ വീണ്ടും പ്രസ്തുത ഉദ്യോഗസ്ഥനു തന്നെ മുൻകൂറുകൾ അനുവദിച്ച നഗരസഭ സെക്രട്ടറിയുടെ നടപടി തീർത്തും നിരുത്തരവാദപരമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മുൻകൂറുകൾ ക്രമീകരിക്കുന്നതിന് വിധേയമായി 1,90,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-36 അതിദരിദ്രരുടെ ചികിത്സ ചെലവുകൾ- രേഖകൾ ഹാജരാക്കിയില്ല-5366/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ	150/25(സ്പിൽ ഓവർ)
പ്രൊജക്ടിന്റെ പേര്	അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാൻ-ചികിത്സ ചെലവുകൾ
നിർവ്വഹണോദ്യോഗസ്ഥൻ	ഹെൽത്ത് സൂപ്പർവൈസർ
അടങ്കൽ	1,00,000/-
ചെലവ്	5366/-

	(ബിൽ നം.33/16.5.24 ₹516/-, 34/16.5.24 ₹4500/-, 35/16.5.24, ₹350/-)
ഫണ്ട്	പൊതുവിഭാഗം വികസന ഫണ്ട്

അതിദരിദ്രർക്കുള്ള ചികിത്സ ഇനത്തിൽ 5366/-രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 34/21.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 5366/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-37 ദിവസ വേതന /കരാർ നിയമനങ്ങൾ സർക്കാർ ഉത്തരവ് പ്രകാരം ക്രമീകരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 223(1) ൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ മുനിസിപ്പാലിറ്റി സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കാൻ പാടില്ല എന്നു നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 26.02.2016 ലെ സ.ഉ.(അച്ചടി) നം.28/2016/ധന ഉത്തരവിൽ ദിവസ വേതന/കരാർ നിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നടത്താവൂ എന്നും ഇത്തരത്തിൽ 179ദിവസത്തേക്ക് മാത്രമേ തുടർച്ചയായി നിയമനം നടത്താവൂ എന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ പല ഓഫീസുകളിലും സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ ദിവസവേതന/കരാർ നിയമനം നടത്തുന്നതായും പലപ്പോഴും അനുവദനീയമല്ലാത്ത തസ്തികകളിലും ഇത്തരത്തിൽ നിയനമം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ അംഗീകരിച്ചിട്ടില്ലാത്ത തസ്തികകളിൽ ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താവൂ എന്ന് നിർദേശിച്ചു കൊണ്ട് ധനകാര്യ വകുപ്പ് 11.01.2019 ൽ 03/2019/ധന നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

പിറവം നഗരസഭയിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, നഗരസഭ വക ആറ്റുതീരംപാർക്കിലെ സ്വീപ്പർ, കണ്ണീറ്റുമല മാലിന്യസംസ്കരണ പ്ലാന്റിലെ ഓപ്പറേറ്റർ എന്നീ തസ്തികകളിൽ നഗരസഭ കൗൺസിൽ തീരുമാനം പ്രകാരം ഒരാളെ വീതം നിയമിച്ച് 2024-25 വർഷം തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ സർക്കാരിൽ നിന്നും നഗരസഭയ്ക്ക് അനുവദിച്ച് നൽകിയിട്ടില്ലാത്തതാണ്. മേൽപ്പറഞ്ഞ മൂന്ന് പേരെയും നിയമിച്ചത് സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടിയല്ല. നഗരസഭയിലെ ദൈനംദിന ഓഫീസ് ജോലികൾ കെ സ്മാർട്ട് മുഖേന പൂർണ്ണമായും കംപ്യൂട്ടർവൽകൃതമായിട്ടുള്ള സാഹചര്യത്തിൽ നഗരസഭയിൽ സർക്കാർ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും ലോഗിൻ അനുവദിച്ചിട്ടുണ്ട്. ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് ലോഗിൻ അനുവദനീയമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത വ്യക്തി ചെയ്യുന്ന ജോലികൾ എപ്രകാരം ഉള്ളതാണെന്ന് വ്യകതമല്ല. ചുമതല നിശ്ചയിച്ചു കൊണ്ടുള്ള ഓഫീസ് ഉത്തരവ് ഹാജരാക്കിയില്ല.

നഗരസഭയിൽ 23 സ്ഥിരം കണ്ടിജന്റ് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ആറ്റുതീരം പാർക്ക് ശുചീകരിക്കുന്ന ജോലിയും മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കുന്ന ജോലിയും കണ്ടിജന്റ് ജീവനക്കാരാണ് ചെയ്യേണ്ടത് എന്നിരിക്കെ പാർക്ക് സ്വീപ്പർ, പ്ലാന്റ് ഓപ്പറേറ്റർ തസ്തികകളിൽ നിയമനം നടത്തി തനത് ഫണ്ടിൽ നിന്നും അധികച്ചെലവ് നടത്തുന്നത് ശരിയായ നടപടിയല്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ 48/23.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നഗരസഭയിൽ നിലവിലില്ലാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ നിയമനം റദ്ദു ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആറ്റുതീരം പാർക്കിലെ ശുചീകരണ ജീവനക്കാരനെയും മാലിന്യ സംസ്കരണ പ്ലാന്റ് ഓപ്പറേറ്ററെയും ഒഴിവാക്കി നഗരസഭ കണ്ടിജന്റ് തൊഴിലാളികളെ പ്രസ്തുത ജോലികൾ ഏൽപ്പിക്കേണ്ടതാണ്.

1-38 കടത്തുകാരന് വേതനം നൽകുന്നത് -വള്ളത്തിന്റെ ലൈസൻസും മറ്റു രേഖകളും ഹാജരാക്കിയില്ല

നഗരസഭ വാർഡ് 21 ൽ കളമ്പൂർ തോട്ടുമുഖം കടവിൽ കടത്തു നടത്തുന്നതിന് കരാർ വ്യവസ്ഥയിൽ സന്തോഷ് കുമാർ, കോടിയാട്ടു പുത്തൻപുര, കളമ്പൂർ എന്ന വ്യക്തിയെ നിയമിച്ച് നഗരസഭ ഫണ്ടിൽ നിന്നും വേതനം നൽകി വരുന്നു. രാവിലെ 6 മണി മുതൽ വൈകിട്ട് 7 മണി വരെ സൗജന്യ നിരക്കിൽ കടത്ത് നടത്തുന്നതിന് പ്രതിമാസ വേതനം 20,000/-രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് ചുവടെ

ചേർക്കുന്ന രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 49/23.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

1) കടത്തു വള്ളത്തിന് കനാൽ ഓഫീസർ നൽകിയിട്ടുള്ള സാധുവായ ലൈസൻസ്.

2) വള്ളത്തിൽ സഞ്ചരിക്കുന്നവരുടെ സുരക്ഷയുമായി ബന്ധപ്പെട്ട് കടത്തുകാരൻ തേർഡ് പാർട്ടി ഇൻഷുറൻസ് എടുത്തിട്ടുണ്ടെങ്കിൽ ഇൻഷുറൻസ് സർട്ടിഫിക്കറ്റ്.

3) വള്ളം ശ്രീ.സന്തോഷ് കുമാറിന്റെ ഉടമസ്ഥതയിൽ ഉള്ളതല്ലെങ്കിൽ തോട്ടുമുഖം കടവിൽ കടത്തു നടത്തുന്നതിന് വള്ളം നൽകുന്നതുമായി ബന്ധപ്പെട്ട് വള്ളത്തിന്റെ ഉടമസ്ഥൻ സന്തോഷ് കുമാറുമായി വെച്ച കരാർ.

4) വള്ളത്തിൽ ലൈഫ് ജാക്കറ്റുകൾ പോലുള്ള സുരക്ഷ ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ.

5) വ്യവസ്ഥകൾ ഉൾപ്പെടുത്തി നഗരസഭ സെക്രട്ടറി കടത്തുകാരനുമായി വെച്ച കരാർ.

ശരാശരി എത്ര ആൾക്കാർ പ്രതിദിനം നഗരസഭയുടെ സൗജന്യ കടത്ത് സർവ്വീസ് ഉപയോഗിക്കുന്നുണ്ടെന്നും വള്ളത്തിൽ സഞ്ചരിക്കുന്നവരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്നും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കണമെന്ന കൂടി ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു. കടത്തുകാരനോട് മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുവാൻ നിർദേശം നൽകേണ്ടതും വള്ളം ഉപയോഗിക്കുന്നവരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതുമാണ്.

1-39 ജനറേറ്ററിന് ബാറ്ററി വാങ്ങിയതിലെ അപാകതകൾ

ഫയൽ നമ്പർ-H1-1086178

നഗരസഭ വക ശ്മശാനത്തിന്റെയും മാലിന്യ സംസ്കരണ പ്ലാന്റിന്റെയും പ്രവർത്തനത്തിനുള്ള ജനറേറ്ററിന്റെ ബാറ്ററി പ്രവർത്തന രഹിതമായതിനാൽ ആയത് മാറ്റി വെയ്ക്കുന്നതിനും എമർജൻസി കോൺടാക്ട് നമ്പർ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കുന്നതിനും വേണ്ടി 20,000/-രൂപ മുൻകൂർ അനുവദിക്കണമെന്ന് 23.4.24 ൽ ശ്രീ.ബിനീഷ് സി., PHI-II അപേക്ഷ നൽകിയതിനെ തുടർന്ന് 05.6.24 ൽ ചെക്ക് നം.004374/05.6.24 പ്രകാരം 20,000/-രൂപ ടിയാന്റെ പേരിൽ അനുവദിച്ചു. തുടർന്ന് ഫിൽറ്റർ, ബാറ്ററി, ബോർഡ് ഇവ സ്ഥാപിക്കുന്നതിനായി തന്റെ കയ്യിൽ നിന്നും 30020/-രൂപ ചെലവായെന്നും മുൻകൂർ കിഴിച്ച് ബാക്കി 10020/-രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ടിയാൻ 28.11.2024 ൽ ചെലവു രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് 10020/-രൂപ ചെക്ക് നം.000200/04.02.25 പ്രകാരം നൽകി. മുൻകൂർ തുക ഉപയോഗിച്ച് പിറവം എക്സൈഡ് ഷോപ്പ്, ഐ.ബി.ജംഗ്ഷൻ, പിറവം എന്ന സ്ഥാപനത്തിൽ നിന്നും എക്സൈഡ് ബ്രാന്റിലുള്ള ബാറ്ററി വാങ്ങിയതിന് 8000/-രൂപ ചെലവഴിച്ചിട്ടുണ്ട് (ഇൻവോയ്സ് നം.57, തീയതി ഇല്ല). ജി.എസ്.ടി. ഇൻവോയ്സ് ഹാജരാക്കേണ്ടതാണെന്നും ബൈ ബാക്ക് സ്കീം വഴി പഴയ ബാറ്ററിക്ക് തുക ലഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 42/22.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. 750/-രൂപ പഴയ ബാറ്ററിക്ക് സ്ഥാപനം നൽകിയിട്ടുണ്ടെന്നും ടി തുക കിഴിച്ചാണ് 8000/-രൂപ പുതിയ ബാറ്ററിക്ക് നൽകിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ബില്ലിൽ തുക കിഴിവ് ചെയ്ത കാര്യം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. 23.01.26 ന് നടത്തിയ സ്ഥലപരിശോധനയിൽ ബാറ്ററി എക്സൈഡ് ബ്രാന്റിലുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടില്ല. ബാറ്ററിയുടെ പുറമേ കാണുന്ന വശങ്ങളിൽ എക്സൈഡ് എന്ന രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ബാറ്ററിയിൽ സീരിയൽ നമ്പരും ഇല്ല. ബാറ്ററിയുടെ വാറന്റി രേഖകളും ലഭ്യമാക്കിയില്ല. ഇക്കാരണങ്ങളാൽ പുതിയ എക്സൈഡ് ബാറ്ററി തന്നെയാണോ വാങ്ങി സ്ഥാപിച്ചതെന്ന് ഉറപ്പാക്കാൻ സാധിക്കുകയില്ല. എക്സൈഡ് ബ്രാന്റിലുള്ള ബാറ്ററി സ്ഥാപിച്ച് ടാക്സ് ഇൻവോയ്സ്, വാറന്റി വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് വിധേയമായി 8000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-40 ഹെൽത്ത് വിഭാഗത്തിലേക്ക് വാഹനം വാങ്ങിയത് - ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല-4885/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ	313/25

പ്രൊജക്ടിന്റെ പേര്	ഹെൽത്ത് വിഭാഗത്തിലേക്ക് പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനം വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	ഹെൽത്ത് സൂപ്പർവൈസർ
അടങ്കൽ	₹15,00,000/-
ചെലവ്	₹13,33,615/- (ബിൽ നം. 202/13.11.24, ₹12,18,730/- ബിൽ നം. 297/17.01.25, ₹1,14,885/-)
ഫണ്ട്	സി.എഫ്.സി.(ടൈഡ് ഗ്രാന്റ്)

നഗരസഭ ഹെൽത്ത് വിഭാഗത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി GeM മുഖേന Isuzu S-Cab പിക്കപ്പ് ട്രക്ക് വാങ്ങിയതിന് (KL17Z 2407) 12,18,730/-രൂപയും വാഹനത്തിൽ എക്സ്ട്രാ ഫിറ്റിംഗ്സ് ചെയ്തതിന് 1,14,885/-രൂപയുമടക്കം ആകെ 13,33,615/-രൂപ സി.എഫ്.സി.ടൈഡ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വാഹനത്തിൽ എക്സ്ട്രാ ഫിറ്റിംഗ്സ് ചെയ്തതിന് 1,14,885/-രൂപ ഇ.വി.എം. പാസഞ്ചർ കാർസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് ആണ് നൽകിയത്. സ്ഥാപനം നൽകിയ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. 1,14,885/-രൂപയുടെ ടാക്സ് ഇൻവോയ്സ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/21.01.26) മറുപടി ലഭ്യമാക്കുകയും 1,11,000/-രൂപയുടെ ടാക്സ് ഇൻവോയ്സ് ഹാജരാക്കുകയും ചെയ്തു (ഇൻവോയ്സ് നം. OVW2425/0066, തീയതി-31.01.25). 4885/-രൂപയുടെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല. ടാക്സ് ഇൻവോയ്സ് ഹാജരാക്കാത്തിനാൽ 4885/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-41 പിക്കപ്പ് ട്രക്കിന്റെ അറ്റകുറ്റപ്പണി- ഇൻഷുറൻസ് ക്ലയിം തുക ലഭ്യമാക്കേണ്ടതാണ്

ഫയൽ നമ്പർ-H1-2744126-2024

ഹെൽത്ത് വിഭാഗം എൻഫോഴ്സ്മെന്റ് സ്ക്വാഡ് വാഹനം Isuzu പിക്കപ്പ് ട്രക്കിന്റെ (KL17 Z 2407) പുറകിൽ ഇടതു വശത്തെ ഡോർ 07.12.24 ൽ സംഭവിച്ച അപകടത്തെ തുടർന്ന് അറ്റകുറ്റപ്പണി നടത്തുന്നതിനും ഇൻഷുറൻസ് ക്ലയിം ചെയ്യുന്നതിനുമായി തിരുവനന്തപുരം തിരുവല്ലത്തെ അംഗീകൃത വർക്ക്ഷോപ്പിൽ 20.12.24 ൽ കൊണ്ടു പോകുകയും ഒരു മാസത്തിനു ശേഷം 20.01.25ൽ വർക്ക്ഷോപ്പിൽ നിന്നും തിരികെ എത്തിക്കുകയും ചെയ്തു. യാത്ര വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണിക്ക് ചെലവായ 46060/- രൂപ ഇവിഎം പാസഞ്ചർ കാർസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് ചെക്ക് നം.000184/16.01.25 പ്രകാരം നൽകി. കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നുമാണ് വാഹനത്തിന് ഇൻഷുറൻസ് എടുത്തിട്ടുള്ളത്. ഇൻഷുറൻസ് തുക ക്ലയിം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുവാനും ഇൻഷുറൻസ് തുക നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 45/22.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇൻഷുറൻസ് തുക ലഭ്യമാകുന്നതു വരെ 46060/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-42 മുനിസിപ്പാലിറ്റി ആക്ട്- പുസ്തകം കൈവശം വെച്ചിരിക്കുന്നവരിൽ നിന്നും തിരികെ ലഭ്യമാക്കി നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്.

തനത് ഫണ്ടിൽ നിന്നും 63072/-രൂപ ചെലവഴിച്ച് ചെക്ക് നമ്പർ 000158/17.12.24 പ്രകാരം ലോ ബുക്ക് ഷോപ്പ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 32 മുനിസിപ്പാലിറ്റി ആക്ട് പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. 32 എണ്ണം വാങ്ങിയതിന്റെ ആവശ്യകതയും നിലവിൽ ടി പുസ്തകങ്ങൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നും അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ 37/21.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. 2020-25 കാലഘട്ടത്തിലെ ഭരണസമിതിയിലെ 27 കൗൺസിലർമാർക്കും നഗരസഭ സെക്രട്ടറി, സൂപ്രണ്ട്, ക്ലീൻ സിറ്റി മാനേജർ, ഹെൽത്ത് ഇൻസ്പെക്ടർ, അസി.എൻജിനീയർ എന്നീ 5 ഉദ്യോഗസ്ഥർക്കുമാണ് മുനിസിപ്പാലിറ്റി ആക്ട് നൽകിയതെന്നാണ് മറുപടിയിൽ അറിയിച്ചത്. പ്രസ്തുത വ്യക്തികൾ മുനിസിപ്പാലിറ്റി ആക്ട് കൈപ്പറ്റിയതിന്റെ രേഖകളും ഹാജരാക്കി. കൗൺസിലർമാർക്കും ജീവനക്കാർക്കും നഗരസഭ ഫണ്ട് ചെലവഴിച്ച് മുനിസിപ്പാലിറ്റി ആക്ട് വാങ്ങി നൽകാൻ വ്യവസ്ഥ ഇല്ല. 32 മുനിസിപ്പാലിറ്റി പുസ്തകങ്ങളും തിരികെ ലഭ്യമാക്കി സ്റ്റോക്കിൽ എടുക്കേണ്ടതും റഫറൻസ് ആവശ്യങ്ങൾക്കായി

നഗരസഭയിൽ സൂക്ഷിക്കേണ്ടതുമാണ്.

1-43 വാഹനത്തിന്റെ അറ്റകുറ്റപ്പണി -താല്ക്കാലിക ഡ്രൈവർക്ക് തുക നൽകി

നഗരസഭ വക KL-17S219 നമ്പർ രജിസ്ട്രേഷൻ നമ്പരിലുള്ള മഹീന്ദ്ര സ്കോർപ്പിയോ വാഹനം അറ്റകുറ്റപ്പണി നടത്തിയതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. വാഹനം അറ്റകുറ്റപ്പണി ചെയ്ത സ്ഥാപനത്തിന് തുക നൽകാതെ വാഹനത്തിന്റെ ഡ്രൈവറായ താല്ക്കാലിക ജീവനക്കാരൻ ശ്രീ. എം. സി. പൗലോസിനാണ് തുക നൽകിയിട്ടുള്ളത്. ചട്ട പ്രകാരം യഥാർത്ഥ ഗുണഭോക്താവിന് നേരിട്ട് തുക കൈമാറണമെന്നിരിക്കെ അപ്രകാരം ചെയ്യാതെ താല്ക്കാലിക ജീവനക്കാരന് തുക നൽകിയത് ശരിയായ നടപടിയല്ല.ഇതു കൂടാതെ പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിഭാഗം വാഹന പരിശോധന നടത്തി അറ്റകുറ്റപ്പണി സംബന്ധിച്ച് ആവശ്യകത സാക്ഷ്യപത്രം നൽകിയിട്ടില്ല. താല്ക്കാലിക ഡ്രൈവർക്ക് തുക നൽകിയത് സംബന്ധിച്ച് ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം.	അറ്റകുറ്റപ്പണി നടത്തിയ സ്ഥാപനം	ജീവനക്കാരൻ കൈപ്പറ്റിയ തുക	ചെക്ക് നം.
1	E1-1347770-24	മഹീന്ദ്ര ഓട്ടോ സർവ്വീസ്, പാലാരിവട്ടം	8850/-	004745/11.6.24
2	E1-1883461-24	ഓട്ടോമോട്ടീവ് മാനുഫാക്ചറേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, പാടിവട്ടം	14717/-	005231/27.8.24
3	E1-2596472	ഓട്ടോമോട്ടീവ് മാനുഫാക്ചറേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, പാടിവട്ടം	6454/-	000142/06.12.24
4	E1-283729	മഹീന്ദ്ര ഓട്ടോ സർവ്വീസ്, പാലാരിവട്ടം	30665/-	000213/15.02.25
		ആകെ	60686/-	

മേൽ വിഷയം സംബന്ധിച്ച് നൽകിയ 52/23.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗം വാഹനം പരിശോധിച്ച് അറ്റകുറ്റപ്പണി ആവശ്യമാണെന്നുള്ള സാക്ഷ്യപത്രം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം വാഹന അറ്റകുറ്റപ്പണി നടത്തേണ്ടതും അറ്റകുറ്റപ്പണി ചെയ്ത സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതുമാണ്.

1-44 മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല-2,70,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

ഫയൽ നം.H-1223343-24

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 10,000/-രൂപ നിരക്കിൽ 27 വാർഡുകൾക്ക് 2,70,000/-രൂപ തനത് ഫണ്ടിൽ നിന്നും വാർഡ് തല ശുചിത്വ സമിതികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മുൻകൂറായി ചെക്ക് നം. 004352/20.5.24 പ്രകാരം നൽകി.തുക ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 36/21.01.26 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 2,70,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-45 മാലിന്യ സംസ്കരണ പ്ളാന്റിലെ ജനറേറ്ററിന് ഡീസൽ വാങ്ങിയത് -ഇന്ധനം ഉപഭോഗ നിരക്ക് വ്യക്തമാക്കിയില്ല

ഫയൽ നമ്പർ-E2-1372626-24

പിറവം നഗരസഭ വക മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് 100 ലിറ്റർ വീതം ഹൈ സ്പീഡ് ഡീസൽ 2024 മെയ് 16, 31 തീയതികളിൽ ഹോളി കിംഗ്സ് ഫ്യൂവൽസ്, പിറവം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ആയതിന് 18928/-രൂപ ചെലവഴിക്കുകയും ചെയ്തു. ഇതു കൂടാതെ 2024-25 വർഷം മറ്റ് ചില മാസങ്ങളിലും പല തവണയായി 100 ലിറ്റർ വീതം ഡീസൽ മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് വാങ്ങിയിട്ടുണ്ട്. പെട്രോൾ പമ്പിൽ നിന്നും വലിയ കാനുകളിൽ ഓരോ തവണയും 100 ലിറ്റർ ഡീസൽ

ശേഖരിച്ച് നഗരസഭ വക ലോറിയിൽ കയറ്റിയാണ് മാലിന്യസംസ്കരണ പ്ലാന്റിൽ എത്തിക്കുന്നതെന്നാണ് ഹെൽത്ത് വിഭാഗം അറിയിച്ചത്. പ്രസ്തുത ജനറേറ്ററിന്റെ ലോഗ് ബുക്ക് ഹാജരാക്കുവാനും ജനറേറ്ററിന്റെ ഇന്ധന ഉപഭോഗ നിരക്ക് എത്രയാണെന്ന് അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ 51/23.01.26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ജനറേറ്ററിന്റെ ഇന്ധന ഉപഭോഗ നിരക്ക് തിട്ടപ്പെടുത്തിയിട്ടില്ലെന്നും തുടർന്ന് ലോഗ് ബുക്ക് സൂക്ഷിക്കുന്നതാണെന്നും അടുത്തുള്ള നഗരസഭ ശ്മശാനത്തിന്റെ ആവശ്യത്തിലേക്കായും ജനറേറ്റർ ഉപയോഗിക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. ജനറേറ്ററിന്റെ ഇന്ധന ഉപഭോഗ നിരക്ക് തിട്ടപ്പെടുത്തേണ്ടതും ആയത് നിരീക്ഷിക്കുന്നതിനായി ലോഗ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-46 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നഗര മേഖലയിലേക്ക് പ്രധാനമായും 2 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. മുനിസിപ്പാലിറ്റിക്ക് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം .

ക്രമ. നം.	സ്കീം	2021-22 (₹)	2022-23 (₹)	2023-24 (₹)	2024-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs	-	-	25,70,000	Int: 28,560
2	അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs)	-	82,00,000	26,05,000	23,30,000 Int: 1,01,995

കുറിപ്പ്: 2021-22 ലെ ഗ്രാന്റ് 2022-23 ലും 2022-23 ലേത് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

ക്രമ. നം.	സ്കീം	2021-22 (₹)	2022-23 (₹)	2023-24 (₹)	2024-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs	-	-	10,96,711	14,48,165
2	അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs)	-	-	77,88,330	29,34,499

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs

പ്രോജക്ട്	ചെലവ്			
	2021-22	2022-23	2023-24	2024-25
രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (266/24)	-	-	₹10,96,711	-
രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (261/25)	-	-	-	₹14,48,165
ആകെ	-	-	₹10,96,711	₹14,48,165
അർബൻ ഹെൽത്ത് & വെൽനെസ് സെൻ്റേഴ്സ് (HWCs)				
അർബൻ ഹെൽത്ത് & വെൽനെസ്സ് സെൻ്റർ- കോട്ടപ്പുറം (185/24)	-	-	₹21,61,736	-
സാന്ത്വന പരിചരണം - പാലിയേറ്റീവ് കെയർ (234/24)	-	-	₹18,62,348	-
അർബൻ വെൽനെസ്സ് സെൻ്റർ 2 (233/24)	-	-	₹16,79,148	-
സമഗ്ര ക്യാൻസർ കെയർ പദ്ധതി (235/24)	-	-	₹2,05,000	-
അർബൻ വെൽനെസ്സ് സെൻ്റർ- ടെലിമെഡിസിൻ പദ്ധതി (236/24)	-	-	₹16,80,098	-
വെൽനെസ് സെൻ്ററുകളിലേക്ക് ഫർണിച്ചർ വാങ്ങൽ (294/24)	-	-	₹2,00,000	-
സാന്ത്വന പരിചരണം - പാലിയേറ്റീവ് കെയർ (258/25)	-	-	-	₹5,37,652
വെൽനെസ് സെൻ്ററുകളിലേക്ക് ഫർണിച്ചർ വാങ്ങൽ (259/25)	-	-	-	₹2,00,000
അർബൻ വെൽനെസ്സ് സെൻ്റർ- ടെലിമെഡിസിൻ പദ്ധതി (260/25)	-	-	-	₹14,48,550
അർബൻ വെൽനെസ്സ് സെൻ്റർ 2 (329/25)	-	-	-	₹5,07,951
സാന്ത്വന പരിചരണം - പാലിയേറ്റീവ് കെയർ (330/25)	-	-	-	₹2,40,346
ആകെ	-	-	₹77,88,330	₹29,34,499

3. ഹെൽത്ത് ഗ്രാൻ്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം .

ഹെൽത്ത് ഗ്രാൻ്റ് ഉപയോഗിച്ച് പിറവം മുനിസിപ്പാലിറ്റിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാൻ്റ് - സാമ്പത്തിക നില (2024-25)

	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ട ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs (3201002) Bank Of Baroda A/C No.49740100007993	അർബൻ ഹെൽത്ത് & വെൽനെസ് സെൻ്റേഴ്സ് (HWCs) (3201001 Canara Bank A/C No. 110048814471
മുന്നിരുപ്പ്	₹15,01,388	₹34,32,391

വരവ് (പലിശ ഉൾപ്പെടെ)	₹28,560	₹24,31,995
ആകെ	₹15,29,948	₹58,64,386
ചെലവ്	₹14,48,165	₹29,34,499
നീക്കിയിരുപ്പ്	₹81,783	₹29,29,887

1-47 പെൻഷൻ വിതരണം അവലോകനം.

പിറവം നഗരസഭയിൽ നിന്നും നിലവിൽ റഗുലർ പെൻഷൻ വിഭാഗത്തിൽ ഒരാൾക്കും റഗുലർ ഫാമിലി പെൻഷൻ വിഭാഗത്തിൽ ഒരാൾക്കുമാണ് പെൻഷൻ നൽകി വരുന്നത്. കണ്ടിജന്റ് വിഭാഗത്തിൽ ആർക്കും പെൻഷൻ നൽകുന്നില്ല. 01.07.2019 ന് മുമ്പ് വിരമിച്ച റഗുലർ വിഭാഗം പെൻഷണറുടെ പെൻഷൻ സ.ഉ.(അ)30/2021/ധന/12.02.2021, സ.ഉ.(അ)35/2021/ധന /23.02.2021 എന്നീ ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പെൻഷൻ ബുക്ക് ഹാജരാക്കിയില്ല. പെൻഷൻ പെയ്മെന്റ് ഓർഡർ, പെൻഷൻ ആനുകൂല്യങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വീസ് ബുക്ക് എന്നിവ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ട്. ഫാമിലി പെൻഷൻ 01.7.2019 ന ശേഷമാണ് അനുവദിച്ചിട്ടുള്ളത്. പെൻഷൻ ബുക്ക്, പെൻഷൻ പേയ്മെന്റ് ഓർഡർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പെൻഷൻ വിതരണം സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

റഗുലർ പെൻഷൻ

A) റഗുലർ പെൻഷൻകാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	*B*	*C*	*D*	*E (A+b+c+d)*
A.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	1	1	-	-	2
B.	തൻവർഷം അനുവദിക്കപ്പെട്ടവർ	-	-	-	-	-
C.	തൻവർഷം മരണപ്പെട്ടവർ/ ഒഴിവാക്കപ്പെട്ടവർ	-	-	-	-	-
D.	വർഷാവസാനം ഉള്ള പെൻഷൻകാരുടെ എണ്ണം (A+b) - (C)	1	1	-	-	2

B) പെൻഷൻ വിതരണ വിവരം

ഓഡിറ്റ് വർഷം റഗുലർ പെൻഷൻ ഇനത്തിൽ ചുവടെ ചേർക്കു ന്നതു പ്രകാരം 3,34,956/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

മാസം	ചെക്ക് നം./ തീയതി	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ	ആകെ (₹)	ട്രഷറി/ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക/ തീയതി
04/24	3987/2.4.24	9348	18565	-	-	27913	27913 /2.4.24
05/24	2002750/2.5.25	9587	18912	-	-	28499	28499/2.5.24
06/24	004373/ 1.6.24	9587	18912	-	-	28499	28499/1.6.24
07/24	000032/ 1.7.24	9587	18912	-	-	28499	28499/1.7.24
08/24	05850465/1.8.24	9587	18912	-	-	28499	28499/1.8.24
09/24	05850474/1.9.24	9587	18912	-	-	28499	28499/2.9.24

10/24	5919728/1.10.24	9587	18912	-	-	28499	28499/1.10.24
11/24	07072751/1.11.24	9947	19432	-	-	29379	29379/1.11.24
12/24	07072756/2.12.24	9947	19432	-	-	29379	29379/2.12.24
01/25	07072760/1.1.25	9947	19432	-	-	29379	29379/2.12.24
02/25	1410440/1.2.25	9947	19432	-	-	29379	29379/1.2.25
03/25	141049/3.3.25	9947	19432	-	-	29379	29379/3.3.25
ആകെ		116605	229197	-	-	345802	

C) പെൻഷൻ വിതരണത്തിലെ അപാകതകൾ

ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്നതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. പിറവം സബ് ട്രഷറിയിലെ നഗരസഭയുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് (നം.799013000000834) പെൻഷൻ വിതരണം നടത്തുന്നത്. പെൻഷൻ വിതരണത്തിനായി തയ്യാറാക്കുന്ന ചെക്കിൽ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവ് തുകകളും കൂടി ഉൾപ്പെടുത്തിയാണ് ഭൂരിഭാഗം മാസങ്ങളിലും തുക മാറിയിട്ടുള്ളത്. എന്നാൽ ചില മാസങ്ങളിൽ പെൻഷൻ തുക മാത്രം മാറുന്നതിനായി ചെക്ക് നൽകിയിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുമുള്ള അലോട്ട്മെന്റ് വരവ് വെയ്ക്കുന്നതിനായി പെൻഷൻ ഫണ്ട് പ്രത്യേകം ആരംഭിക്കേണ്ടതാണ്.

D) പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിവരം

സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കണക്കാക്കി അർബൻ അഫയേഴ്സ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ല ട്രഷറിയിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 799011400007305 ൽ ചുവടെ ചേർക്കുന്നതു പ്രകാരം അടവാക്കിയിട്ടുണ്ട്.

മാസം	അടവാക്കേണ്ട തുക	അടവാക്കിയ തുക	ചെക്ക് നം./തീയതി	പണം അക്കൗണ്ടിൽ നിന്നും പിൻവലിച്ച തീയതി	അടവാക്കാൻ ബാക്കിയുള്ള തുക
04/24	80634	80634	2168565/19.6.24	19.6.24	-
04/24	23201	23201	2168564/19.6.24	19.6.24	-
05/24	71304	71304	168570/ 8.7.24	8.7.24	
05/24	23374	23374	168571/ 8.7.24	8.7.24	-
05/24	9340	9340	168578/ 22.7.24	22.7.24	-
06/24	71856	71856	5850462/ 23.7.24	23.7.24	-
06/24	23374	23374	5850461/ 23.7.24	23.7.24	-
07/24	23598	23598	5850472/ 27.8.24	27.8.24	-
07/24	71848	71848	5850475/ 4.9.24	4.9.24	-
08/24	95454	95454	5919730/ 15.10.24	15.10.24	-
09/24	75161	75161	7072754/ 18.11.24	20.11.24	-
09/24	8279	8279	7072753/ 18.11.24	20.11.24	-
10/24	93039	93039	141046/ 14.2.25	14.2.25	-
11/24	93529	93529	141046/ 14.2.25	14.2.25	-
12/24	91122	91122	141046/ 14.2.25	14.2.25	-
01/25	82013	82013	141052/ 21.3.25	21.03.25	-
01/25	11585	11585	141057/22.4.25	22.4.25	-
02/25	93598	93598	141052/21.3.25	21.3.25	-
03/25	95035	95035	1653022/9.5.25	9.5.25	-
ആകെ	1137344	1137344			

E) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിവരം

മാസം	തുക	ഉത്തരവ് നം. / ചെക്ക് നം.	മുതൽക്കൂട്ടിയ ട്രഷറി അക്കൗണ്ട് നം.
തൻവർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി നഗരസഭയ്ക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടില്ല.			

F) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണവിവരം

കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. ഇനത്തിൽ 2024-25 വർഷം തുക നൽകിയിട്ടില്ല.

G) വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ള പെൻഷൻ വിഹിതം

തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത പെൻഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ളതിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ശീർഷകം	തുക(₹)
4315099	റിസീവബിൾസ് - അദേഴ്സ്	5,27,869

ഈ തുക 2023-24 വർഷം വരെ നഗരസഭയ്ക്ക് ലഭിക്കുവാനുള്ള തുകയാണ്. 2024-25 വർഷത്തിൽ 3,45,802 രൂപ പെൻഷൻ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ തുക ആസ്തി ബാദ്ധ്യത കണക്കിൽ 4315099 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാവസാനം ഈ ഇനത്തിൽ യഥാർത്ഥത്തിൽ തിരികെ ലഭിക്കുവാനുള്ളത് 8,73,671 രൂപയാണ്. പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും തനത് ഫണ്ടിൽ നിന്നും നൽകിയത് തിരികെ ലഭിക്കാനുള്ളതിന്റെ കൃത്യമായ കണക്ക് വാർഷിക ധനകാര്യ പത്രികയിൽ ചേർക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കണ്ടിജന്റ് പെൻഷൻ

നഗരസഭയിൽ നിയമനം ലഭിച്ച കണ്ടിജന്റ് വിഭാഗം ജീവനക്കാർ ആരും തന്നെ സേവനത്തിൽ നിന്നും വിരമിച്ചിട്ടില്ല. ആയതിനാൽ കണ്ടിജന്റ് പെൻഷൻ ഇനത്തിൽ നഗരസഭ ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. മാത്രമല്ല നിലവിൽ പിറവം നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർ 01.04.2013 ന് ശേഷം നിയമിക്കപ്പെട്ടവരായതിനാൽ നാഷണൽ പെൻഷൻ സ്കീമിൽ ഉൾപ്പെടുന്നവരാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/

MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
49	₹2,77,000	₹2,54,000	₹23,000	ഏപ്രിൽ 2025 ൽ ഒടുക്കു വരുത്തി (KL002637655202526M / 16.4.2025)

* 46ജീവനക്കാർ X ₹500 X 6 മാസം = ₹1,38,000

44 ജീവനക്കാർ X ₹500 X1മാസം = ₹22,000

47 ജീവനക്കാർ X ₹500 X1മാസം = ₹23,500

48 ജീവനക്കാർ X ₹500 X1മാസം = ₹24,000

49 ജീവനക്കാർ X ₹500 X1മാസം = ₹24,500

45 ജീവനക്കാർ X ₹500 X 2മാസം = ₹ 45,000

₹2,77,000

2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
മുനിസിപ്പാലിറ്റിയിൽ 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല					

3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
മുനിസിപ്പാലിറ്റിയിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല				

4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
മുനിസിപ്പാലിറ്റിയിൽ 01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല.					

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ / തീയതി
2024-25 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്		

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ നഗരസഭ സംയുക്ത പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല.

4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി നഗരസഭ ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് വൈദ്യുതി ബോർഡ്

പ്രവൃത്തിയുടെ പേര്	വൌച്ചർ നമ്പർ/ ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ്.344/25)	517372/ 21.12.2024	2,00,000	-	2,00,000
ആകെ		2,00,000	-	2,00,000

ആസ്തി ബാദ്ധ്യത സ്റ്റേറ്റ്മെന്റിൽ ഈ തുക Advance To Implementing Agencies-4605002 എന്ന ശീർഷകത്തിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. Electricity Deposits – 4606001 എന്ന ശീർഷകത്തിൽ ആയിരുന്നു ഇത് ഉൾപ്പെടുത്തേണ്ടിയിരുന്നത്.

പി.ഡബ്ലിയു.ഡി. ഇലക്ട്രിക്കൽ വിങ്ങ്

പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ (എസ്.272/25)	C032568052553/ 25.3.25	20,00,000	-	20,00,000
ആകെ		20,00,000	-	20,00,000

4-5 മൊബിലൈസേഷൻ അഡ്വാൻസ്.

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും തുക നൽകിയിട്ടില്ല.

4-6 വായ്പ / വായ്പ തിരിച്ചടവ്

വായ്പയുടെ പേര്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)	തൻവർഷം ലഭിച്ച തുക (₹)	ആകെ (₹)	തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് ഭവനം നിർമ്മാണം	2,74,79,997*	87,60,000	3,62,39,997	31,73,334	-	3,30,66,663

* മുൻവർഷങ്ങളിലെ തെറ്റായ രേഖപ്പെടുത്തലുകൾ ക്രമീകരിച്ച ശേഷം ഉള്ള യഥാർത്ഥ നീക്കിയിരുപ്പ്.

തിരിച്ചടവിന്റെ വിവരം		
ജി.ഒ.പ്രോജക്ട്		തുക
നമ്പർ	പേര്	
389/25	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്	15,86,667
390/25	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്	15,86,667
ആകെ		31,73,334

4-7 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	₹24,000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	₹24,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹24,000

നീക്കിയിരിപ്പിൽ 3000/-രൂപ സ്ഥിരനിക്ഷേപവും 21000/-രൂപ ഇക്വിറ്റി ഷെയറുമാണ്.

സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ

പിറവം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ 10.12.2010 ൽ നിക്ഷേപിച്ചതാണ് 3000/-രൂപ (അക്കൗണ്ട് നം.021365000015698). സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിൽ മച്യൂരിറ്റി തീയതി 10.04.2019 ആണ് കാണിച്ചിട്ടുള്ളത്. പലിശനിരക്ക് 0% എന്നും കൊടുത്തിട്ടുണ്ട്. പലിശ ലഭിക്കാത്തതിനാൽ 3000/-രൂപ തന്നെയാണ് സ്ഥിരനിക്ഷേപ തുകയായി ബാലൻസ് ഷീറ്റിൽ ഓരോ വർഷവും ചേർത്തുവരുന്നത്.

4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം മുനിസിപ്പാലിറ്റിക്ക് ഈയിനത്തിൽ വരവുകൾ ഇല്ല.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട്		സമാഹൃത ഓഡിറ്റ് റിപ്പോർട്ട്		വിഷയം	ഇപ്പോഴത്തെ അവസ്ഥ
വർഷം	ഖണ്ഡിക	വർഷം	ഖണ്ഡിക		
1997-1998 2000-01 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട്	2-5 2-13 2-15	2005-06	2.45.1	പദ്ധതി നടത്തിപ്പിൽ 1997-98, 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) വിവിധ അപാകതകൾ	നിലനിൽക്കുന്നു
	2-6	2005-06	2.45.2	സിഎഫ് വിളക്കിന് സ്ഥാപനച്ചെലവ്	നിലനിൽക്കുന്നു
1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്)	2-10	2005-06	2.45.3	ഇടയാറ-വല്ലകതോട് റോഡ് റീമെറ്റലിംഗ് ടാറിംഗ് അധിക നിരക്ക് നൽകിയത്	നിലനിൽക്കുന്നു
	2-12	2005-06	2.45.4	പള്ളിപ്പറമ്പ്-കീഴ്പടി റോഡ് അഭിവൃദ്ധി വേലമൂല്യം അധികരിച്ച് തുക നൽകി	നിലനിൽക്കുന്നു
	2-14	2005-06	2.45.5	സി എഫ് വിളക്കിന് ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു.	നിലനിൽക്കുന്നു

4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം)	:	₹11,38,84,922.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം)	:	₹10,26,12,337.00
വരവിനങ്ങളിലുള്ള നഷ്ടം	:	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹33,86,276.00

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
-	-	-	-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	14,847	ശ്രീ.ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ
1-25	15,850	ശ്രീ.ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ
1-26	1,48,988	ശ്രീ.ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ
1-27	20,00,000	ശ്രീ.വിശ്വം പി.എസ്., സീനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ.
1-28	1,10,000	ശ്രീ.വിശ്വം പി.എസ്., സീനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ.
1-29	1,00,000	ശ്രീ.വിശ്വം പി.എസ്., സീനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ.
1-30	45,000	ശ്രീമതി.സജിത ഡി., പട്ടികജാതി വികസന ഓഫീസർ
1-31	4,27,280	ശ്രീമതി.സജിത ഡി., പട്ടികജാതി വികസന ഓഫീസർ
1-35	1,90,000	ശ്രീ.പ്രകാശ് കുമാർ വി., സെക്രട്ടറി, മുനിസിപ്പാലിറ്റി.
1-36	5,366	ശ്രീ.നാസർ സി.എ., ക്ലീൻ സിറ്റി മാനേജർ.
1-39	8,000	ശ്രീ.പ്രകാശ് കുമാർ വി., സെക്രട്ടറി, മുനിസിപ്പാലിറ്റി.
1-40	4,885	ശ്രീ.നാസർ സി.എ., ക്ലീൻ സിറ്റി മാനേജർ.
1-41	46,060	ശ്രീ.പ്രകാശ് കുമാർ വി., സെക്രട്ടറി, മുനിസിപ്പാലിറ്റി.
1-44	2,70,000	ശ്രീ.പ്രകാശ് കുമാർ വി., സെക്രട്ടറി, മുനിസിപ്പാലിറ്റി.
ആകെ	33,86,276	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റ് എഞ്ചിനീയർ, ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്	പറമ്പിൽ വീട്, അയലൂക്കര.പി.ഒ. ആലപ്പുഴ.
ശ്രീ. വിശ്വം പി.എസ്., സീനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ.	സീനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ, ഈരാറ്റുപേട്ട നഗരസഭ	പുതുപ്പിള്ളിൽ, പടിഞ്ഞാറ്റിൻകര പി.ഒ., കോട്ടയം - 686571
ശ്രീമതി സജിത ഡി., പട്ടികജാതി വികസന ഓഫീസർ	പട്ടികജാതി വികസന ഓഫീസർ, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്	തടത്തിൽ വീട്, കുമാരമംഗലം പി.ഒ. തൊടുപുഴ - 685608
ശ്രീ. പ്രകാശ് കുമാർ വി., സെക്രട്ടറി, മുനിസിപ്പാലിറ്റി.	സെക്രട്ടറി, പിറവം മുനിസിപ്പാലിറ്റി.	തുളസിഭവനം, വലിയപാടം, വിലന്തറ പി.ഒ., ശാസ്താംകോട്ട, കൊല്ലം – 690521
ശ്രീ. നാസർ സി.എ., ക്ലീൻ സിറ്റി മാനേജർ.	വിരമിച്ചു	ചക്യാനിക്കുന്നേൽ വീട്, കാഞ്ഞാർ പി.ഒ., തൊടുപുഴ – 685590

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം
1996-97 ചെലവ്	എൽ.എഫ്.ഇ.(പി.2)1523/97/27.8.2000
1997-98 പദ്ധതി	എൽ.എഫ്.ഇ.(പി.2)98/05/24.11.2005
2001-02	എൽ.എഫ്.ഇ.(പി.2)1206/03/5.8.2004
2002-03	എൽ.എഫ്.ഇ.(പി.2)226/06/3.2.2007
2007-08	എൽ.എഫ്.ഇ.(പി.1)1662/08/2.7.2009
2005-06	എൽ.എഫ്.ഇ.(പി.1)285/10/10.3.2011
2006-07	എൽ.എഫ്.ഇ.(പി.1)286/10/10.3.2011
2008-09	എൽ.എഫ്.ഇ.(പി.1)287/10/10.3.2011
2009-10	എൽ.എഫ്.ഇ.(പി.9)1839/10/10.3.2011
2010-11	എൽ.എഫ്.ഇ.(പി.9) 2136/11/1.12.2011
2011-12	എൽ.എഫ്.ഇ.(പി.9) 2252/13/28.12.2013
2012-13	എൽ.എഫ്.ഇ (പി9)172/2015, 02.03.2015
2013-14	
2014-15	കെ.എസ്.എ-ഇ.കെ.എം(പി9) 1191/2016-20.07.2016
2015-16	കെ.എസ്.എ-ഇ.കെ.എം(എം.1) 55/2017 06.02.2017/15.02.2017
2016-17	കെ.എസ്.എ-ഇ.കെ.എം(എം.1) 1777/17, തീയതി. 05.05.2018
2017-18	കെ.എസ്.എ-ഇ.കെ.എം(എം.1) 9/19, തീയതി. 15.03.2019
2018-19	കെ.എസ്.എ.ഇ.കെഎം.നം. (എം.1) 1955/2019/13.02.20
2019-20	കെ.എസ്.എ.ഇ.കെ.എം. (എം 2) 1075/22/20.07.2022

2020-21	കെ.എസ്.എ.ഇ.കെ.എം. (എം 2) 1406/22 /16.08.2022
2021-22	കെ.എസ്.എ.ഇ.കെ.എം. (എം 2) 329/23/11.05.2023
2022-23	കെ.എസ്.എ.ഇ.കെ.എം. (എം 2) 132/24/20.3.2024
2023-24	കെ.എസ്.എ.ഇ.കെ.എം. (എം 2) 88/25/27.3.2025

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം .

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 29-11-2025 and submitted on 04-12-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Piravom Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Piravom Municipality as on 31-03-2025

Date: 17/03/2026

Joint Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Piravom Municipality for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1. Notes to Accounts and Basic ratios to be included in the annual financial statements vide Kerala Municipality (Accounts) Rules 2007, rule 58(e) and 58(f) respectively are not included.

2. Asset details not furnished for the Capital Expenditure from Maintenance grant Road and Non road.

3. Electricity Deposit of Rs. 2 lakh is booked in the head of Advance to Implementing Agencies-4605002 instead of the head of Electricity Deposits-4606001.

4. Amount received in Vehicle scrap is not booked in the head of Receipt from sale of scrap-1501202.

5. The details of uncashed cheques and uncredited cheques noted in the K-smart reconciliation report are not available for audit.

6. The closing balance of receivable festival advance is inaccurate in the head 4601001.

7. Amount of Service Pension disbursed amount is not included in the head receivable-others 4315099

8. The Details of revenue Recovery balance in the head 4315201 are not furnished for audit.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്